DETROIT MALAYALEE ASSOCIATION

www.dmausa.org

DHWANI

ധ്വനി

Vol. 10 | Issue -02 | July-August 2017

5
ഓണവില്ല്
ഉഷശ്രീ

9
ജന്മസാഫല്യം
തെരേസ തോമസ്

10
നഷ്ടപ്പെട്ടുപോകുന്ന ഓണക്കാഴ്ചകൾ
ശ്രീപാർവ്വതി

14
കാവ്യഭാഷ രസബിന്ദുക്കൾ
ഡോ. ശാലിനി ജയപ്രകാശ്

25
ഒരു വഴിയോര വീക്ഷണം
സുരേന്ദ്രൻ നായർ

57
അപൂർവ്വമായ ഒരു അമേരിക്കൻ മലയാളി സംഗമം

Buying or Selling a Home?

Koshy George

Children's Miracle Network Hospitals

RE/MAX Classic Realtor

586-524-8021 or 248-283-0159

EDITORIAL BOARD
Chief Editor: Noble Thomas
Senior Editor: James Kureekkattil
Executive Editor: Thomas Karthanal
Content Editor: Vinod Kondoor
Associate Editor: Akash Abraham
Literary Editor: Shalini Jayaprakash
Sub Editor: Viji Kurup
Sub Editor: Mathew Cheruvil
Youth Editor: Prisca Abraham

OFFICE BEARERS
President :
Sajan Elengikal
Vice President :
Sanju Koithara
General Secretary :
Boby Thomas Alappattukunnel
Joint Secretary :
Abhilash Paul
Treasurer :
Manoj Jaiji
Joint Treasurer:
Biju Joseph
Women's Forum President: Shreekala Kutty
Women's Forum Secretary : Neema Sam
Youth Forum President: Prisca Abraham

BOARD OF TRUSTEE
BOT Chairman : Mathew Cheruvil
BOT Vice Chairman : Paul P Kuriakose
BOT Secretary: Mohan Panangavil

EXECUTIVE COMMITTEE
Agithakumar Kocheri Karthikeyan
Akash Abraham — Binu Mathew
Diaz Thomas — Dinesh Lakshmanan
George Vannilam — Gigi Paul
Girish Nair — James Kureekattil
Jayakumar Ravindran — Mathew Cheruvil
Mohan Panangavil — Noble Thomas
Osborne David — Paul P. Kuriakose
Prashant Chandrasekaran — Rajesh Kutty
Prince Abraham — Rajesh Nair
Rojan Thomas — Saijan Joseph
Sajith Menon — Sam Mathew
Samji Koshy — Shaji Thomas
Shibu Varghese (Geo) — Shone Karthanal
Sreekumar Kambath — Sudarsana Kurup
Surendran Nair — Surya Gireesh
Thomas George (Chachi) — Tomi Moolan
Thomas Karthanal — Toms Mathew
Vinod Kondoor

Pictures of the DMA events, in this edition of Dhwani, are the Courtesy of **Shibu Varghese (Geo)**. *He is a Troy, Michigan lifestyle photographer and visual storyteller. Visit* ***varghesephotography.com*** *for more information.*

CONTENT

President's Message *Sajan George Elengikal.* 2
എഡിറ്റോറിയൽ : *നോബിൾ തോമസ്* 3
ചിങ്ങപ്പുലരി: *വിജി കുറുപ്പ്* 4
Awards, Achievements / Recognitions. 4
ഓണവില്ല് 5
ഉഷശ്രീ
ഞാൻ കണ്ട അമേരിക്ക 8
ജോസ് പുളിക്കൽ
ജന്മസാഫല്യം 9
തെരേസ തോമസ്
നഷ്ടപ്പെട്ടുപോകുന്ന ഓണക്കാഴ്ചകൾ 10
ശ്രീപാർവ്വതി
തീരാത്ത ദാഹം 13
ബിജു ജോസഫ്
കാവ്യഭാഷ രസബിന്ദുക്കൾ 14
ഡോ. ശാലിനി ജയപ്രകാശ്
ജീവിതചക്രം 17
അനിതാ പണിക്കർ
തൊള്ളായിരത്തി ഒന്നാമത്തെ പീഡനവും
ഗണപതിയുടെ മോണോഗമിയും 19
ജയിംസ് കുരീക്കാട്ടിൽ
നാമം.....മതം.....ജാതി.... 23
ആർ.കെ. കണ്ണൻ
ഒരു വഴിയോര വീക്ഷണം 25
സുരേന്ദ്രൻ നായർ
അമ്മ... 29
സിന്ധു സൂസൻ വർഗീസ്
കൊഴിഞ്ഞ പത്രിക 30
തോമസ് കുഴിക്കാല
ഒരു കന്നി കാനഡ യാത്ര... 31
മിനി റോസ് തോമസ്
Charity & Community Work: Second Quarter 2017 35
Rajesh Kutty
MedStart students face losses amid Med Direct. 41
Prisca Abraham
The Food Fight: *Siddharth Prasant.* 43
Lessons of Life: *Advaith Kocheri.* 49
ആഹാരം – ഔഷധം ഗുണം 51
വസന്തകുട്ടി
Diet and nutrition: *Shreekala Kutty.* 53
art corner: *Jerusha.* 55
അപൂർവ്വമായ ഒരു അമേരിക്കൻ മലയാളി സംഗമം 57
The Importance of Bilingual and Bicultural Awareness. 59
Mathews Cheruvil
Mango Kulfi: *Preethy Boby.* 60
ചിക്കൻ കുന്നത്തൂർ ബോൾ: *ഷോളി ജെയിംസ്* 60

President's Message



മലയാളികളുടെ മനസ്സിൽ സ്നേഹത്തിന്റെ പച്ചപ്പും സാഹോദര്യത്തിന്റെ നറുമണവും നിറയ്ക്കുന്ന തിരുവോണനാൾ വന്നെത്തി. തിരുവോണദിനത്തിൽ മഹാബലിത്തമ്പുരാൻ തന്റെ പ്രജകളെ കാണാൻ വന്നെത്തുമെന്നാണ് വിശ്വാസം. അതുകൊണ്ട് തന്നെ പ്രജകളെല്ലാം മാവേലിയെ വരവേൽക്കാൻ മനോഹരമായ പൂക്കളമൊരുക്കിയും സദ്യവട്ടം തയ്യാറാക്കിയും കാത്തിരിക്കണം എന്നാണ്.

ഓണമെന്നത് മറുനാടൻ മലയാളികളെ സംബന്ധിച്ചിടത്തോളം ഗൃഹാതുരത്വമുണർത്തുന്ന ഒരു വികാരമാണ്. അതിനാൽ മറുനാട്ടിൽ ഓണം ആഘോഷിക്കേണ്ടി വരുമ്പോഴും മലയാളത്തനിമയോടെ ഓണം ആഘോഷിക്കാൻ ഓരോ മലയാളിയും ബദ്ധശ്രദ്ധ കാണിക്കുന്നു. ഫേസ്ബുക്ക്, വാട്സ്അപ്പ് തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ നിറഞ്ഞൊഴുകുന്ന ഓണാശംസകൾ തിരക്കിന്റെ ഈ ആധുനികലോകത്തും മനുഷ്യസ്നേഹം ഊട്ടിയുറപ്പിക്കുവാൻ പര്യാപ്തമാകുന്നുണ്ട്.

ഓണമെന്നത് പഴയ നല്ല കാലങ്ങളുടെ ഓർമ്മയാണെങ്കിലും അതൊരു ഓർമ്മപ്പെടുത്തൽ കൂടി ആകുന്നതു നന്നായിരിക്കും. നമ്മൾ ഇവിടെ ഗംഭീരമായി ഓണമാഘോഷിക്കുമ്പോൾ, ഇതു സാധിക്കാത്ത പതിനായിരങ്ങൾ നമ്മുടെ കൊച്ചു കേരളത്തിൽ ഉണ്ടെന്നത് മറക്കണ്ട. കഴിഞ്ഞ പല വർഷങ്ങളിലെയും പോലെ ഈ തിരുവോണത്തിനും നമ്മുടെ നാട്ടിലെ നിരവധി നിർധനരായ കുടുംബങ്ങൾക്ക് ഓണം കിറ്റ് നൽകുവാൻ ഡി.എം.എയ്ക്ക് സാധിച്ചു എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഡി.എം.എ എന്ന സംഘടന സ്ഥാപിതമായിട്ട് 37 വർഷം തികയുകയാണ്. ഈ വർഷക്കാലമത്രയും നിങ്ങളോരോരുത്തരും ഡി.എം.എ യ്ക്കു തന്ന അതിരറ്റ പ്രോത്സാഹനത്തിനും സ്നേഹത്തിനും പിന്തുണയ്ക്കും ഞാൻ സസ്നേഹം നന്ദി പറയുന്നു.

എല്ലാവർക്കും സമ്പൽസമൃദ്ധിയുടെയും സമാധാനത്തിന്റെയും സർവൈശ്വര്യത്തിന്റെയും ഓണം ആശംസിച്ചു കൊണ്ട്,

നന്ദിയോടെ

Sajan George Elengikal

സാജൻ ജോർജ് ഇലഞ്ഞിക്കൽ

പ്രസിഡന്റ്, ഡി.എം.എ

എഡിറ്റോറിയൽ

ഓണമേ... പൊന്നോണമേ...

നമ്മുടെ വിശ്വാസങ്ങളെയും ഐതിഹ്യങ്ങളെയും കോർത്തിണക്കിയാണ് വിവിധ രീതിയിലുള്ള ആഘോഷങ്ങൾ നമ്മൾ കൊണ്ടാടുന്നത്. ആഘോഷങ്ങളിൽ മനുഷ്യസ്നേഹത്തിന്റെ ഏറ്റവും മനോഹരമായ ഭാവനകൾ പൂത്തു നിൽക്കുന്നുണ്ട്.

വിവിധ മതങ്ങളുടെ ആഘോഷങ്ങൾക്ക്, നിദാനമായ വിശ്വാസങ്ങളിലും ആഘോഷത്തിന്റെ ഭാഗമായ ആചാരങ്ങളിലും, അനുഷ്ഠാനങ്ങളിലും, ഒക്കെ വ്യത്യാസങ്ങളുണ്ടെങ്കിലും സാമൂഹികബന്ധങ്ങളെ ഉറപ്പിച്ചു നിർത്തുക എന്ന അടിസ്ഥാനദൗത്യമാണ് അവയെല്ലാം പങ്കിടുന്നത്. പെരുമഴയിൽ നനഞ്ഞ കർക്കിടക രാവുകൾ കഴിഞ്ഞു, ഐശ്വര്യവും സന്തോഷവും നിറഞ്ഞ ഓണം, ജാതിമതഭേദമന്യേ എല്ലാവരും ആഘോഷിക്കുന്നു.

മാവേലിത്തമ്പുരാനെ വരവേൽക്കാൻ മനുഷ്യർ മാത്രമല്ല, പ്രകൃതിയും ഒരുങ്ങുന്ന മാസം കൂടിയാണ് ചിങ്ങം. നിറയെ പൂത്തു നിൽക്കുന്ന വിവിധ തരത്തിലുള്ള ചെടികൾ ഓണത്തിനായി കാത്തിരിക്കുന്നു. ലോകത്തിന്റെ ഏതു ഭാഗത്താണെങ്കിലും, എല്ലാ മലയാളിയുടെ മനസ്സിലും ഒരിക്കലും വറ്റാത്ത വികാരമാണ് ചിങ്ങമാസവും പൊന്നോണവും. ഓരോ മലയാളിയുടെ ജീവിതത്തിലും ഏറ്റവും ഉന്മേഷം നൽകുന്ന ഒരു ആഘോഷമാണ് ഓണം. ഓണാഘോഷങ്ങളും കളികളും പാട്ടുകളും കൊണ്ട് അവർ ഓണത്തെ വരവേൽക്കുന്നു.

ഡിട്രോയിറ്റിലെ മലയാളികളുടെ കാര്യവും വിഭിന്നമല്ല. മിഷിഗണിലെ ഏറ്റവും വലിയ മലയാളി സംഘടനയായ ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ ഓണാഘോഷം, ഇവിടുള്ള എല്ലാ മലയാളി കുടുംബങ്ങളുടെയും ഒത്തുചേരൽ കൂടിയാണ്. കൂടാതെ ഫീച്ചറുകൾ, ലേഖനങ്ങൾ, കഥകൾ, കവിതകൾ, അഭിമുഖങ്ങൾ, ആരോഗ്യം, പാചകം തുടങ്ങിയവ ഉൾപ്പെടുത്തിയ *ധ്വനി മാസിക* ഡി.എം.എ യെ മറ്റ് അസോസിയേഷനുകളിൽ നിന്നും വ്യത്യസ്തമാക്കുന്നു. മിഷിഗണിന്റെ സ്വന്തം മാസികയായി ഇവിടുള്ള മലയാളികൾ ധ്വനിയെ വർഷങ്ങൾക്കു മുമ്പേ തിരഞ്ഞെടുത്തു കഴിഞ്ഞതാണ്.

മാവേലിത്തമ്പുരാൻ ഭരിച്ചിരുന്ന, എല്ലാ ജനങ്ങളും സന്തോഷത്തോടെ, ഒരുമയോടെ കഴിഞ്ഞിരുന്ന നല്ല കാലത്തിന്റെ ഓർമ്മ വീണ്ടും എല്ലാവർക്കും ഐശ്വര്യവും സമൃദ്ധിയും നൽകട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാവർക്കും ധ്വനിയുടെ ഓണാശംസകൾ

Noble Thomas

നോബിൾ തോമസ്
ചീഫ് എഡിറ്റർ

ഓണപ്പാട്ട്

ഓണ തുമ്പികൾ പാട്ടും പാടി
ഓടി നടന്നു നാടെല്ലാം....
മാവേലി മന്നനെ പൂവിട്ടു തുള്ളാൻ
ഓണം വന്നേ പൊന്നോണം വന്നേ

തെച്ചിയും തുമ്പയും തൊട്ടാവാടിയും
കാട്ടുതുളസിയും കോളാമ്പിയും
അങ്ങേ തൊടിയിലെ പൂവുകളും
അത്തപ്പൂവിന് കൂട്ടായി

ഓലത്തുമ്പിൽ ഊഞ്ഞാലാടി
താളമിടുന്നു കുരുവികളും
തേൻ കുടിക്കാനായി വണ്ടുകളും
മൂളി പാറി നടക്കുന്നു

ഓണത്തപ്പനെ വരവേൽക്കാനായി
മാളോരെല്ലാം പായുന്നു
നേരം പുലരാറായപ്പോൾ
പൂവൻ കോഴിയും കൂവുന്നു

ഓണം വന്നേ എന്ന് അർഷു വിളിച്ചു
ഓടി നടന്നു നാമെല്ലാം
ഓണം വന്നേ എന്ന് അർഷുവിളിച്ചു
ഓടി നടന്നു നാമെല്ലാം!!

വിജി കുറുപ്പ്

Awards / Achievements / Recognitions

Congratulations to **Priscena Abraham** for obtaining selection to the Academically Talented (MACAT) Program. This program is designed specifically by the Livonia Public School for middle school students with high ability and achievement in all academic areas.

ഓണവില്ല്

ഉഷശ്രീ

എന്റെ പൂജാമുറിയേയും എന്റെ വീടിനേയും അനുഗ്രഹിക്കാനും അലങ്കരിക്കാനും വേണ്ടി എന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ ഗോപൻ എനിക്കു സമ്മാനമായി അതിമനോഹരമായ ഒരു ഓണവില്ല് തന്നു. അതു കാണുന്നവരെല്ലാം അതിന്റെ ചരിത്രം, നിർമ്മാണ പ്രത്യേകതകൾ എല്ലാം ചോദിച്ചു തുടങ്ങിയപ്പോൾ ഞാനും ഓണവില്ലിനെക്കുറിച്ചു കൂടുതലറിയാൻ ശ്രമിച്ചു. ഞാൻ അറിഞ്ഞതും, മനസ്സിലാക്കിയതും എല്ലാം പങ്കുവയ്ക്കുന്നു. തെറ്റുകൾ ഉണ്ടെങ്കിൽ ദയവായി തിരുത്തിതരണം പുതിയ അറിവുകൾ ഉണ്ടെങ്കിൽ അതുപറഞ്ഞും തരണം എന്റെ പ്രിയ വാനക്കാർ.

ശ്രീപത്മനാഭസ്വാമിക്ഷേത്രം, തിരുവനന്തപുരം എന്ന പൈതൃകനഗരത്തിന്റെ ഉത്ഭവം മുതൽക്കുതന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. തിരുവിതാംകൂർ ചരിത്രവുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്ന ഈ ക്ഷേത്രം, പേരിലും പെരുമയിലുമെന്നപ്പോലെ ആചാരാനുഷ്ഠാനങ്ങളിലും പ്രസിദ്ധമാണ്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ടും, പൈങ്കുനി ഉത്സവവും, അൽപശി ഉത്സവും, പിന്നെ വളരെയധികമൊന്നും അറിയപ്പെടാത്തതായ അനവധി ചടങ്ങുകളും ക്ഷേത്രത്തിന്റെ ചൈതന്യത്തിന് മാറ്റ് കൂട്ടുന്നു.

ക്ഷേത്രചടങ്ങുകളുടെ കൂട്ടത്തിൽ ഏറെ പ്രധാനപ്പെട്ടതും എന്നാൽ ജനസാമാന്യത്തിന് വളരെയൊന്നും അറിയാത്തതുമായ ഒന്നാണ് തിരുവോണനാളിലെ ഓണവില്ല് സമർപ്പണം. ഓണവില്ല് സമർപ്പണത്തെക്കുറിച്ചും അതിന്റെ നിർമ്മാണ വൈവിധ്യത്തെക്കുറിച്ചും ഐതിഹ്യത്തെക്കുറിച്ചുമൊക്കെ എനിക്കറിയാവുന്നത് ഞാൻ പങ്കുവയ്ക്കട്ടെ.

ഐതിഹ്യം

മഹാബലി ചക്രവർത്തിയുടെ സന്ദർശനമെന്നതിനൊപ്പം വാമനാവതാരദിനമായി കൂടി തിരുവോണനാളിനെ കണക്കാക്കുന്നതിനാലാണ് ഇത്തരം ഒരാചാരമുണ്ടായതത്രേ. വാമനാവതാരം പൂണ്ട മഹാവിഷ്ണു മഹാബലിയെ പാതാളത്തിലേയ്ക്ക് ചവിട്ടി താഴ്ത്തിയ വേളയിൽ, മഹാവിഷ്ണുവിനോട് വിശ്വരൂപം കാണണമെന്ന് മഹാബലി അപേക്ഷിക്കുന്നു. അതനുസരിച്ച്, വിഷ്ണു തന്റെ വിശ്വരൂപം കാണിക്കുന്നു. വിഷ്ണുഭക്തനായ തനിക്ക് ഭഗവാന്റെ കാലാകാലങ്ങളിലുള്ള അവതാരങ്ങളും ലീലകളും ഓരോ വർഷവും കാണണമെന്നുണ്ടെന്നും താൻ പ്രജകളെ സന്ദർശിക്കുന്ന വേളയിൽ അതിനുള്ള ഭാഗ്യമുണ്ടാക്കിത്തരണമെന്നും മഹാബലി വിഷ്ണുവിനോട് അഭ്യർത്ഥിച്ചു. അതിന് തന്റെ അവതാരങ്ങളും ലീലകളും ഇനി ചിത്രങ്ങളായി ദേവശില്പിയായ വിശ്വകർമ്മാവിനു മാത്രമേ കാട്ടിത്തരുവാൻ സാധിക്കുകയുള്ളുവെന്നും പ്രജകളെ സന്ദർശിക്കാൻ വരുമ്പോൾ അങ്ങേയ്ക്കത് കാണാമെന്നും മഹാവിഷ്ണു മഹാബലിയ്ക്ക് ഉറപ്പു കൊടുത്തു. അതുപ്രകാരം വിശ്വകർമ്മദേവൻ പ്രത്യക്ഷപ്പെട്ട് അനുചരന്മാരെക്കൊണ്ട് ദേവവൃക്ഷങ്ങളുടെ തടിയിൽ മഹാവിഷ്ണുവിന്റെ അവതാരങ്ങളും ലീലകളും വരച്ച് വിഷ്ണുസന്നിധിയിൽ എത്തിച്ചു. തിരുവോണനാളിൽ എഴുന്നള്ളുന്ന മഹാബലിക്കു കാണുന്നതിനുവേണ്ടിയാണ് ഓരോ വർഷവും ഓണവില്ലുകൾ നിർമ്മിച്ചു പോരുന്നത്. ആ മഹത്കർമ്മം ഇന്നും ഒരാചാരമായി തുടരുന്നു.

ചരിത്രത്തിന്റെ ഇടനാഴിയിലെവിടെയോ എപ്പോഴോ ഒരു ചെറിയ കാലയളവിൽ നിലച്ചുപോയ ഓണവില്ല് സമർപ്പണം പുനരാരംഭിച്ചത് ശ്രീ വീര ഇരവിവർമ്മയുടെ കാലത്തായിരുന്നുവെന്ന് മതിലകം ഗ്രന്ഥവരിയിൽ രേഖപ്പെടുത്തിക്കാണുന്നു. (മതിലകം രേഖ – ചരണ 24 ഓല 55). കൊല്ലവർഷം 677 ആണ്ടിൽ ക്ഷേത്രം പുതുക്കിപ്പണിതപ്പോഴും ആചാരം നിലച്ചില്ല. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ചടങ്ങ് ഓരോ വർഷവും ചിങ്ങമാസത്തിലെ തിരുവോണനാളിൽ രാവിലെ അഞ്ചിനും ആറിനും മദ്ധ്യേയുള്ള ശുഭ മുഹൂർത്തത്തിൽ ക്ഷേത്രാങ്കണത്തിൽ വച്ച് നടത്തുന്നു.

വില്ല് തയ്യാറാക്കുന്ന വിധം

അനുഷ്ഠാനത്തിന്റെയും വ്രതശുദ്ധിയുടെയും പൂർണതയിലാണ് വില്ല് നിർമ്മാണം, ശ്രീകൃഷ്ണ ഭഗവാന്റെ ഇഷ്ടവൃക്ഷമായ കടമ്പ് വൃക്ഷത്തിന്റെ തടിയിലാണ് വില്ലുകൾ നിർമ്മിക്കുന്നത്. മഹാഗണിയുടെ തടിയും ഉപയോഗിക്കാറുണ്ട്. തടി മിനുക്കിയെടുത്ത് പലകകളാക്കുന്നു. നാലരയടി, മൂന്നരയടി എന്നീ അളവുകളിലാണ് മരപ്പലകകൾ തീർത്തെടുക്കുന്നത്. പലകകൾ വില്ലിന് ആവശ്യമായ തരത്തിൽ പാകപ്പെടുത്തിയെടുക്കുന്നു. ഈ വില്ലുകൾ വ്രതശുദ്ധിയോടുകൂടി ഇരുന്നാണ് പണിയുന്നത്. 41 ദിനം വ്രതമെടുത്താണ് ഓണവില്ലിന്റെ പണി ആരംഭിക്കുന്നത്. മിഥുനമാസത്തിൽ വില്ലിനായി തടി തിരഞ്ഞെടുക്കുമ്പോൾ തന്നെ വ്രതം തുടങ്ങും. വില്ലിൽ ആദ്യം ചുവന്ന ചായം തേയ്ക്കുന്നു. അതിൽ പഞ്ചവർണ്ണങ്ങൾ ഉപയോഗിച്ചാണ് ചിത്രമെഴുതുന്നത്. ഈ നിറങ്ങളെല്ലാം പ്രകൃതിദത്തചേരുവകളിൽ നിന്നാണെടുക്കുന്നത്. ചെങ്കൽപൊടി, വെള്ളപ്പൊടി തുടങ്ങിയവ വിവിധ തരത്തിൽ യോജിപ്പിച്ചാണ് നിറങ്ങൾ നിർമ്മിക്കുന്നത്. ചിത്രം വരച്ചശേഷം നാലുചുറ്റും കുരുത്തോലകൊണ്ട് അലങ്കരിച്ച് ചുവന്ന ഞാൺ കെട്ടും. ഞാൺ, കുഞ്ചലം എന്നിവ നിർമ്മിക്കുന്നത് തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിലെ അന്തേവാസികൾ 41 ദിവസം വ്രതമെടുത്താണ്. വില്ല് നിർമ്മിച്ചശേഷം ആചാരി കുടുംബത്തിന്റെ വീട്ടിൽ കുടുംബപരദേവതയ്ക്കു മുൻപിൽ പൂജിച്ച ശേഷമാണ് സമർപ്പിക്കുന്നത്.

കൊല്ലവർഷം 677 ആണ്ടിൽ ഓണവില്ല് സമർപ്പണം പുനരാരംഭിച്ച ശേഷം എല്ലാ വർഷവും മുടങ്ങാതെ ഈ ചടങ്ങ് തുടർന്നു വരുന്നു. തിരുവോണനാൾ പുലർച്ചെ അഞ്ചിനും ആറിനും മദ്ധ്യേയാണ് ഈ ചടങ്ങ് നടക്കുന്നത്. ക്ഷേത്രത്തിന്റെ കിഴക്കോഗോപുരത്തിന്റെ പടിയിൽ വച്ച് പൂജാരിയിൽ നിന്ന് ഓണക്കോടികൾ വാങ്ങുന്നതോടെ ചടങ്ങുകൾക്ക് ആരംഭമാകുന്നു. ആചാരി കുടുംബാംഗങ്ങൾ ഭക്ത്യാദരപൂർവ്വം വില്ലുകൾ ഭഗവാനെ കാണിച്ച് സമർപ്പിക്കുന്നതാണ് അടുത്ത ചടങ്ങ്. തുടർന്ന് മതിലകം എക്സിക്യൂട്ടീവ് ഓഫീസറും ക്ഷേത്രഭാരവാഹികളും ചേർന്ന് പൂജാരിയുടെ സാന്നിദ്ധ്യത്തിൽ ഏറ്റുവാങ്ങും.

ഓണവില്ലുകൾ വാദ്യഘോഷത്തോടെയും വായ്ക്കുരവയോടും പാണിവിളക്കിന്റെ വെളിച്ചം വിതറുന്ന അന്തരീക്ഷത്തിൽ ക്ഷേത്രത്തിനുള്ളിലേയ്ക്ക് എഴുന്നള്ളിക്കുന്നു. കിഴക്കേ നടയ്ക്കകത്ത് കയറി പ്രദക്ഷിണം വച്ച് അഭിശ്രവണ മണ്ഡപത്തിൽ വച്ചിരിക്കുന്ന പള്ളിപ്പലകയിൽ വയ്ക്കുന്നു. പട്ടുഞാൺ, തൊങ്ങൽ, ഓലക്കാൽ മുതലായവ കെട്ടിയലങ്കരിച്ചതിനു ശേഷം ശുദ്ധികർമ്മം ചെയ്ത് പത്മനാഭസ്വാമിയുടെ തിരുനടയിലെത്തിക്കും. വലിയ വില്ല് രണ്ടെണ്ണം പത്മനാഭസ്വാമിയുടെ ഉദരഭാഗത്ത് ഇരുവശങ്ങളിലായും മറ്റ് ആറെണ്ണം നരസിംഹമൂർത്തി, ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്നീ മൂർത്തികളുടെ വിഗ്രഹങ്ങളിൽ ചാർത്തുന്നു.

ഭഗവാന് ഓണവില്ല് ചാർത്തുമ്പോൾ വില്ലുണ്ടാക്കുന്ന ആചാരി കുടുംബക്കാർക്ക് ദക്ഷിണയും നൈവേദ്യപ്രസാദവും ലഭിക്കും. നൈവേദ്യപൂജകൾ കഴിഞ്ഞ ഭഗവാനെ തൊഴാൻ ആചാരി കുടുംബത്തിനാണ് ആദ്യ അവകാശം. തുടർന്ന് ഓണവില്ലുകൾ ചാർത്തിയഭഗവാനെ തൊഴാൻ ശ്രീപത്മനാഭദാസനായ തിരുവിതാംകൂർ മഹാരാജാവും കുടുംബാംഗങ്ങളും എത്തിച്ചേരും. തിരുവോണം, അവിട്ടം, ചതയം എന്നീ ദിവസങ്ങളിൽ ക്ഷേത്രത്തിൽ വച്ച് പൂജിച്ചശേഷം ഓണവില്ലുകൾ കൊട്ടാരത്തിലെ പൂജാമുറിയിൽ ഒരു വർഷം വരെ സൂക്ഷിക്കുകയാണ് പതിവ്. ഈ ദിവസങ്ങളിൽ ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് പ്രതിഷ്ഠയിൽ ചാർത്തിയിരിക്കുന്ന ഓണവില്ലുകൾ ദർശിക്കാവുന്നതാണ്.

തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ മാത്രമല്ല, കന്യാകുമാരി ജില്ലയിലെ തിരുവട്ടാർ ആദികേശവപെരുമാൾ ക്ഷേത്രത്തിലും ഓണവില്ല് സമർപ്പണം നടത്തുന്നുണ്ട്. തിരുവിതാംകൂറിന്റെ പൂർവ്വതലസ്ഥാനമായ പത്മനാഭപുരം കൊട്ടാരത്തിൽ ഓണവില്ലുകളുടെ ശേഖരം നേരിട്ട് കാണാവുന്നതാണ്.

വില്ലിന്റെ ആകൃതിയിലുള്ള പ്രത്യേകത

ഓണവില്ല് അഥവാ പള്ളിവില്ലിന്റെ രൂപം നമ്മുടെ സങ്കൽപ്പത്തിലുള്ള വില്ലിന്റെ രൂപത്തിൽ നിന്ന് വ്യത്യസ്തമാണ്. അരയിഞ്ച് കനത്തിലുള്ള പലകയിൽ നാലരയടി, നാലടി, മൂന്നരയടി നീളത്തിലാണ് മൂന്ന് തരത്തിലുള്ള ഓണവില്ലുകൾ. ഈ പലകകൾ രണ്ട് വശവും കൂർത്ത രീതിയിൽ വാസ്തുശാസ്ത്രപ്രകാരം രൂപപ്പെടുത്തിയ ശേഷം മഞ്ഞയും ചുവപ്പും വർണ്ണങ്ങൾ തേയ്ക്കുന്നു. അതിനു ശേഷമാണ് ചിത്രങ്ങൾ വരയ്ക്കുന്നത്. ഓണവില്ല് അതിന്റെ ആകൃതിയിൽ ഒരു വള്ളത്തിനെപ്പോലെയിരിക്കുന്നു. കേരളത്തിനെ വഞ്ചിനാട് എന്നാണല്ലോ അറിയപ്പെടുന്നത്. അതുകൊണ്ടായിരിക്കാം നമ്മുടെ പൂർവ്വികർ വഞ്ചിയുടെ രൂപത്തിൽ മരപലകകളുണ്ടാക്കി അതിൽ ചിത്രങ്ങൾ വരച്ച് കേരളത്തിന്റെ ഒരു മാതൃകയാക്കി അന്നത്തെ കാലത്ത് ക്ഷേത്രത്തിൽ സമർപ്പിച്ചിരുന്നത്.

തച്ചുശാസ്ത്രവിധിപ്രകാരം പണി തീർന്ന പലകയുടെ ആകൃതിയും ഗുണമേന്മയും അവയിൽ വരച്ചിരിക്കുന്ന ചിത്രങ്ങളുടെയും, വർണ്ണങ്ങളുടെയും, തെരഞ്ഞെടുപ്പും അവ തമ്മിലുള്ള പൊരുത്തവും എല്ലാംകൂട്ടി യോജിപ്പിച്ചാൽ ശാസ്ത്രവിധിപ്രകാരം മനുഷ്യന്റെ ആരോഗ്യത്തിനും മനസ്സിന്റെ കുളിർമയ്ക്കും ഉതകുന്ന തരത്തിൽ നിർമ്മിച്ചിരിക്കുന്നവയാണെന്ന് മനസ്സിലാക്കാം ഓണവില്ലുകൾ.

ഓണവില്ലിലെ ചിത്രങ്ങളുടെ പ്രത്യേകത

ഓണവില്ലിലെ രചനാവിഷയം വ്യത്യസ്തവും ആലങ്കാരികവുമാണ്. വില്ലിന്റെ

ആകൃതിക്കനുസരിച്ച് കടഞ്ഞെടുത്ത തടിയിൽ ആദ്യം ചുവന്ന ചായം തേയ്ക്കുന്നു. പിന്നീട് പച്ച, മഞ്ഞ, ചുവപ്പ്, കറുപ്പ്, വെളുപ്പ് നിറങ്ങളിലുള്ള പഞ്ചവർണ്ണങ്ങൾ കൊണ്ടുള്ള ചായങ്ങളാലാണ് ചിത്രം വരയ്ക്കുന്നത്. മൂന്നര മുതൽ നാലര അടി വരെ നീളമുള്ള നാലു ജോഡി വില്ലുകളാണ് നിർമ്മിക്കുന്നത്.

നാലരയടി നീളമുള്ള രണ്ടു വില്ലുകളിൽ അനന്തശയനം, സപ്തർഷികൾ, ദിവാകരമുനി, കൗണ്ഡില്യ മഹർഷി, ഗരുഡൻ, നാരദൻ, ശ്രീലക്ഷ്മി, ഭൂലക്ഷ്മി, കാവൽഭൂതങ്ങൾ, അശ്വിനീദേവന്മാർ, ബ്രഹ്മാവ്, ശിവലിംഗം, താമര, ശംഖ്, ചക്രം, ഗദ, പത്മം, വാൾ, പരിച, അമ്പ്, വില്ല്, സൂര്യചന്ദ്രന്മാർ, ദീപങ്ങൾ എന്നിവയാണ് ചിത്രീകരിച്ചിരിക്കുന്നത്. പള്ളികൊണ്ടു കിടക്കുന്ന മഹാവിഷ്ണു പ്രധാന കഥാപാത്രമായി വരുന്നതു കൊണ്ടാണിതിനെ പള്ളിവില്ലെന്ന് വിളിക്കുന്നത്.

നാലടി നീളമുള്ള അടുത്ത രണ്ടു വില്ലിന് ദശാവതാര വില്ല് എന്നാണ് പറയുന്നത്. അവതാര ചിത്രീകരണങ്ങൾ, ശ്രീരാമപട്ടാഭിഷേകം, ശബരീമോക്ഷം, ഭരതന്റെ ശ്രീരാമപാദപൂജ എന്നിവയാണ് മുഖ്യമായും ആവിഷ്കരിച്ചിരിക്കുന്നത്.

ചെറിയ വില്ലിൽ ശ്രീകൃഷ്ണ ലീലകളാണ് അവതരിപ്പിക്കുന്നത്. വെണ്ണമോഷണം, കാലിമേച്ചിൽ, ഊഞ്ഞാലാട്ടം, കാളിയമർദ്ദനം, തൊട്ടിലിൽ കിടക്കുന്നത്, വിശ്വരൂപ ദർശനം തുടങ്ങിയവ ഇതിൽ വരയ്ക്കുന്നു.

ചുവന്ന ചായം തേച്ച പലകകളിൽ വിവിധ വർണ്ണങ്ങളിലാണ് വരയ്ക്കുന്നത്. പിന്നിൽ രൂപങ്ങൾ മാത്രമേ വരയ്ക്കൂ. വരച്ചു പൂർത്തിയായാൽ അതിൽ ഞാൺ കെട്ടി പരദേവതയ്ക്കു മുൻപിൽ പൂജയ്ക്കു വയ്ക്കും. ഈ എട്ടു വില്ലുകളാണ് പത്മനാഭന് സമർപ്പിക്കുന്നത്. അവതാരങ്ങളിൽ ശ്രീകൃഷ്ണനെയും ശ്രീരാമനെയും മാത്രമേ പ്രത്യേകം സൂചിപ്പിക്കുന്നുള്ളൂ. ദീർഘമായ കാലയളവാണ് ഇവർക്കുള്ളത്. കൂടാതെ മറ്റവതാരങ്ങളെക്കാൾ സൗമ്യഭാവത്തിലുള്ളവരാണ് ശ്രീകൃഷ്ണനും ശ്രീരാമനും. ഇതിലെ ചിത്രങ്ങൾ വരയ്ക്കാനുപയോഗിക്കുന്ന നിറങ്ങൾ ചൈനയിലെ ചിത്രകലാമേഖലയിൽ ഉപയോഗിച്ചു വരുന്നുണ്ട്. ചൈനക്കാരുടെ വരവിലൂടെയായിരിക്കാം ഈ നിറക്കൂട്ടുകൾ നമുക്ക് ലഭിച്ചത്. അതോ ഇവിടെനിന്നു ചൈനാക്കാർ കൊണ്ടുപോയതോ?

അനന്തപുരിക്ക് ഓണത്തെക്കുറിച്ചുള്ള ആചാരങ്ങൾ ഏറെയില്ല. എങ്കിലും നൂറ്റാണ്ടുകളായി നാം ഓമനിക്കുന്ന നിശബ്ദമായ ഒരാചാരമാണ് ശ്രീപത്മനാഭസ്വാമി മുമ്പാകെ ശ്രീ വിരാഡ് വിശ്വകർമ്മദേവനെ സ്മരിച്ച് ചെയ്യുന്ന ഓണവില്ല് അഥവാ പള്ളിവില്ല്. നിറപ്പകിട്ടാർന്ന ഈ ഓണവില്ല് നിർമ്മിക്കാനുള്ള അവകാശം തലമുറകളായി തിരുവിതാംകൂർ രാജകൊട്ടാരം മൂത്താശാരി കുടുംബത്തിൽപ്പെട്ട കലാകാരന്മാർക്കാണ്. തിരുവനന്തപുരത്ത്, കരമന വാണിയംമൂല മേലാറന്നൂർ വിളയിൽ വീട്ടിൽ പരേതനായ ശ്രീരാമസ്വാമി മഹാദേവനാശാരി ഓണവില്ല് നിർമ്മിക്കുന്ന കലയിലെ കുലപതിയായിരുന്നു.

ശ്രീപത്മനാഭസ്വാമിയ്ക്ക് സമർപ്പിക്കാൻ വിശ്വകർമ്മാവിനെ ഉപാസിച്ച് ചെയ്യുന്ന ഈ ദിവ്യകർമ്മം തിരുവിതാംകൂർ രാജകുടുംബാംഗം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ശിൽപികളുടെ തലമുറയായ മേൽപ്പറഞ്ഞ കുടുംബക്കാർക്ക് കൽപ്പിച്ചു നൽകിയ അവകാശമാണ്. ഈ അവകാശം തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് കൈമാറിവരുന്നു.

തിരുവിതാംകൂർ രാജകൊട്ടാരത്തിലെ മൂത്താശാരി കുടുംബമായ വിളയിൽ വീട്ടിലെ അഞ്ചാമത്തെ തലമുറയാണ് പാരമ്പര്യസിദ്ധി കൈമുതലാക്കി ഇപ്പോൾ ഓണവില്ല് ഒരുക്കുന്നത്. മഹാദേവനാചാരിയുടെ മരണശേഷം വിളയിൽ വീട്ടിൽ ബിൻകുമാറും ബന്ധുക്കളും അവകാശം

നാലരയടി നീളമുള്ള രണ്ടു വില്ലുകളിൽ അനന്തശയനം, സപ്തർഷികൾ, ദിവാകരമുനി, കൗണ്ഡില്യ മഹർഷി, ഗരുഡൻ, നാരദൻ, ശ്രീലക്ഷ്മി, ഭൂലക്ഷ്മി, കാവൽഭൂതങ്ങൾ, അശ്വിനീദേവന്മാർ, ബ്രഹ്മാവ്, ശിവലിംഗം, താമര, ശംഖ്, ചക്രം, ഗദ, പത്മം, വാൾ, പരിച, അമ്പ്, വില്ല്, സൂര്യചന്ദ്രന്മാർ, ദീപങ്ങൾ എന്നിവയാണ് ചിത്രീകരിച്ചിരിക്കുന്നത്.

ഏറ്റെടുത്തു. രവീന്ദ്രനാചാരിയുടെ മകൻ ബിൻകുമാർ, സഹോദരന്മാരായ ക്ഷേത്രശിൽപി സുദർശനൻ, സുലഭൻ, മഹാദേവനാചാരിയുടെ പുത്രൻ ഉമേഷ്കുമാർ, മഹാദേവനാചാരിയുടെ സഹോദരങ്ങളായ ഗോപി, മഹേന്ദ്രൻ, നാഗേന്ദ്രൻ തുടങ്ങി കുടുംബത്തിലെ എല്ലാ പുരുഷന്മാരും ഓണവില്ല് നിർമ്മിച്ച് വരച്ച് പൂർത്തിയാക്കുന്നതിന് പ്രയത്നിക്കാറുണ്ട്. മിഥുനമാസാവസാനം നല്ല ദിവസവും സമയവും നോക്കി, 41 ദിവസത്തെ വ്രതമേടുത്താണ് ഇവർ വില്ല് നിർമ്മിക്കുന്നത്. മൂത്താശാരി ഏൽപ്പിച്ച് കൈമാറിയകരവിരുതിന്റെ നിറപ്പകിട്ടിന് പത്മനാഭസ്വാമിയുടെ അനുഗ്രഹവുമുണ്ട്. ക്ഷേത്രശിൽപികളിൽ പ്രമുഖനായ മരപ്പണി വിഭാഗത്തിൽപ്പെട്ട ശിൽപികളുടെ ദൈവം മഹാവിഷ്ണുവാണ്. അതുകൊണ്ടാണ് വിഷ്ണുക്ഷേത്രത്തിൽ മാത്രം ഈ ആചാരം നടക്കുന്നത്. കൂടാതെ അവരുടെ ചിത്രരചനാ വൈഭവം പ്രകടിപ്പിക്കാനുള്ള ഒരവസരം കൂടിയാണ്.

തിരുവോണദിനത്തിൽ പത്മനാഭസ്വാമിക്ക് തിരുമുൽകാഴ്ചയായി ഓണവില്ല് സമർപ്പിക്കുന്നത് പത്മനാഭസ്വാമിക്ഷേത്രത്തോളം പഴക്കമുള്ള ആചാരമാണ്. പത്മനാഭസ്വാമിക്ക് മുന്നിൽ എല്ലാ കഴിവുകളും സമർപ്പിച്ച് ഞാൻ അങ്ങയുടെ ദാസനായിരിക്കുന്നുവെന്ന പ്രതീകാത്മക അർത്ഥത്തിലാണ് ഓണവില്ല് സമർപ്പിക്കുന്നത്.

സമ്പൽസമൃദ്ധിയുടെ പ്രതീകാത്മകമായ നേർച്ച വില്ലുകൾ ശുദ്ധിയോടുകൂടി വീടുകളിൽ സൂക്ഷിക്കുന്നത് ഐശ്വര്യം നിറയ്ക്കും എന്നാണ് വിശ്വാസം. കേരളീയരുടെ ദേശീയോത്സവമായ ചിങ്ങമാസത്തിലെ തിരുവോണദിനത്തിൽ നൂറ്റാണ്ടുകളായി നടത്തിവരുന്ന ഈ ചടങ്ങിന് വർഷം കഴിയുംതോറും മാറ്റ് ഏറിവരുന്നു.

എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.....

ഞാൻ കണ്ട അമേരിക്ക



ജോസ് പുളിക്കൽ

അമേരിക്കയിൽ മക്കളുടെ അടുത്തേക്ക് 2017-ൽ വരുവാൻ സാധിച്ച ഈ അവസരത്തിൽ കഴിഞ്ഞ കുറെ വർഷങ്ങൾക്ക് മുൻപ് 2000-ാം ആണ്ടിൽ തുടങ്ങിയ ഈ യാത്രയുടെ അനുഭവങ്ങളെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതണം എന്ന എന്റെ ആഗ്രഹം... 'ഞാൻ കണ്ട അമേരിക്ക' ഇവിടെ സമർപ്പിക്കട്ടെ.

രണ്ടായിരാമാണ്ടിൽ ആദ്യമായി ഞാനും ഭാര്യയും അമേരിക്കയിലേക്ക് വരുവാൻ ഒരുങ്ങുമ്പോൾ ഒരു പുതിയ ലോകത്തിലേക്ക് യാത്ര പുറപ്പെടുന്ന അനുഭൂതിയായിരുന്നു. അതോടൊപ്പം തന്നെ ഒത്തിരി മാനസികസംഘർഷങ്ങളും ഉള്ളിലൊതുക്കിയായിരുന്നു ആദ്യമായി ഞങ്ങൾ ഒരു വിമാനയാത്രയ്ക്ക് പുറപ്പെട്ടത്. വലിയ ഒരു ബന്ധുസമൂഹവും സുഹൃത്തുക്കളും ഞങ്ങളെ യാത്രയാക്കുവാൻ ഉണ്ടായിരുന്നത് ഇന്നും സ്നേഹത്തോടെ ഓർക്കുന്നു. അന്ന് ഫ്ളോറിഡയിൽ താമസിച്ചിരുന്നത് മലയാളികൾ അധികമില്ലാത്ത ഒരു സ്ഥലമായതിനാൽ രണ്ടോ.... മൂന്നോ.... കുടുംബസുഹൃത്തുക്കൾ മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. അന്ന് ഫ്ളോറിഡയിൽ കണ്ട കാഴ്ചകൾ മനസ്സിൽ നിന്നും ഒരിക്കലും മായുന്നവയല്ല. മകനോടൊപ്പം മയാമിയിൽ എത്തിയപ്പോൾ കേരളത്തിലാണോ എന്ന് ഒരു നിമിഷം തോന്നിപ്പോയി. അവിടെയുള്ള മലയാളി സുഹൃത്തുക്കളെ കാണുവാനും അവരുടെ സ്നേഹപരിചരണങ്ങൾ കലവറയില്ലാതെ സ്വീകരിക്കുവാനും ഞങ്ങൾക്ക് ഭാഗ്യമുണ്ടായി.

ഈ കാലഘട്ടത്തിൽ മകന്റെ വീട്ടിൽ ആയിരിക്കുമ്പോൾ 'ഐവാൻ' എന്ന കൊടുങ്കാറ്റിന്റെ ഭീകരതാണ്ഡവം നേരിൽ കാണുവാനും ഇടയായി. ഐവാന്റെ വരവോടുകൂടി ഒരാഴ്ചയോളം വെള്ളവും വെളിച്ചവുമില്ലാതെ കഴിഞ്ഞ ദിവസങ്ങൾ ഇന്നും ഒരു ദുസ്വപ്നമായി ഓർക്കുന്നു. ആ അവസരത്തിൽ അമേരിക്കൻ പൗരന്മാരായ അയൽവാസികളുടെ നിർലോഭമായ സഹായസഹകരണങ്ങൾ നേരിട്ട് അനുഭവിക്കാൻ സാധിച്ചു എന്നതും നന്ദിയോടെ സ്മരിക്കുന്നു.

മക്കളുടെ ജോലിസ്ഥലങ്ങൾ മാറിമാറി വന്നതിനാൽ പിന്നീടുള്ള യാത്രകളിൽ കണ്ട കാഴ്ചകളും വ്യത്യസ്തമായിരുന്നു. നാട്ടിൽ വച്ച് കേട്ടതും പുസ്തകങ്ങളിലൂടെ വായിച്ച് അറിഞ്ഞതുമായ ഒത്തിരി കാഴ്ചകളും സ്ഥലങ്ങളും നേരിട്ട് കാണുവാൻ ഭാഗ്യമുണ്ടായതും ഈ അവസരത്തിൽ ഓർത്തുപോകുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി അമേരിക്കയിലെ മിഷിഗൺ സന്ദർശിക്കുവാനും ഞങ്ങൾക്ക് ഭാഗ്യമുണ്ടായി. മിഷിഗണിലെ ഡിട്രോയിറ്റിൽ മകളുടെ അടുത്ത് വരുവാനും അവിടെയുള്ള വലിയ ഒരു മലയാളി സമൂഹത്തെ പരിചയപ്പെടുവാനും ഈ യാത്രകളിൽ സാധിച്ചു എന്നത് ഒത്തിരി സന്തോഷത്തോടെ ഓർക്കുന്നു. ഇവിടെ വന്നപ്പോഴാണ് ശരിക്കും നമ്മുടെ മലയാളിമക്കളുടെ കൂട്ടായ്മയിൽ ഉള്ള സ്നേഹത്തിന്റെ ഒത്തുചേരൽ കാണുവാൻ ഇടവന്നത്. ഇവിടെയുള്ള മലയാളി അസോസിയേഷനുകളെക്കുറിച്ചും അവയുടെ പ്രവർത്തനമേഖലകളെക്കുറിച്ചും പറയാതെ വയ്യ. അവരുടെ പല ചാരിറ്റി പ്രവർത്തനങ്ങളും നേരിട്ട് കാണുവാനും എനിക്ക് ഭാഗ്യമുണ്ടായിട്ടുണ്ട്. ഈ

ഒരു സ്നേഹകൂട്ടായ്മയുടെ ഭാഗമാകുവാൻ എനിക്കും ഇടവന്നിട്ടുള്ളത് അഭിമാനത്തോടെ ഈ അവസരത്തിൽ സ്മരിക്കുന്നു.

എനിക്കും ഭാര്യയ്ക്കും പല അവസരങ്ങളിലും ഈ അസോസിയേഷനുകൾ നടത്തുന്ന ഓണം, ക്രിസ്തുമസ്, വിഷു, ഈസ്റ്റർ എന്നീ ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. മലയാളി അസോസിയേഷനുകൾ ഓരോ വർഷവും ഇവിടെ സംഘടിപ്പിക്കുന്ന ഈ കലാവിരുന്നുകൾ കേരളത്തനിമയിൽ തന്നെ ഇവിടെ നടത്തപ്പെടുമ്പോൾ പണ്ട് കേരളത്തിൽ കണ്ടിരുന്നതും പക്ഷേ ഇന്ന് അവിടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതുമായ നമ്മുടെ ആ സംസ്ക്കാരവും കലകളും ഇവിടെ പുനർജനിക്കുന്നു എന്നത് വളരെ ശ്ലാഘനീയമാണ്.

നമ്മുടെ നാടിന്റെ ഓർമ്മകൾ നഷ്ടപ്പെടാതെ കേരളത്തനിമയിൽ തന്നെ ജീവിക്കുവാനും അത് മക്കൾക്ക് പകർന്ന് കൊടുക്കുവാനും ഇവിടെയുള്ള അസോസിയേഷനുകളും കുടുംബങ്ങളും ഒത്തിരി പ്രാധാന്യം നൽകുന്നു എന്നത് വളരെ പ്രശംസ അർഹിക്കുന്നു. ഈ സന്ദർഭത്തിൽ ഒരു വലിയ ഹിന്ദുകൂട്ടായ്മയിൽ സംബന്ധിക്കുവാനും എനിക്ക് അവസരമുണ്ടായി. ആയിരക്കണക്കിന് മലയാളി കുടുംബങ്ങൾ പങ്കെടുത്ത ആ പരിപാടി ഒരു നാട്ടിലെ ഉത്സവത്തിന്റെ പ്രതീതി ഉളവാക്കുന്നതായിരുന്നു. അമ്പലവും, കൊടിമരവും, ചെണ്ടമേളവും എന്നുവേണ്ട ഒരു ഉത്സവത്തിന്റെ എല്ലാ ചടങ്ങുകളും വളരെ നയനമനോഹരമായിരുന്നു. ഇവിടെയുള്ള കലാകാരന്മാരും നാട്ടിൽനിന്നും വന്ന കലാകാരന്മാരും ഒരു കലാവിരുന്നു തന്നെ അവിടെ ഒരുക്കിയിരുന്നു. ഓട്ടം തുള്ളൽ, കാവടിയാട്ടം, മോഹിനിയാട്ടം, കഥകളി, മുടിയേറ്റ്, തിരുവാതിര എന്നിങ്ങനെയുള്ള വിവിധ കലാരൂപങ്ങൾ ഒരുനിമിഷം കേരളത്തിലാണോ എന്ന് തോന്നിപ്പിക്കുന്നതായിരുന്നു.

ഈ കൂട്ടായ്മകളിൽ നമ്മൾ ഒത്തുചേരുമ്പോൾ നമുക്കുണ്ടാകുന്ന സന്തോഷവും അനുഭൂതിയും അതിലൂടെ മറ്റുള്ളവരിലേക്ക് പകരുന്ന കലവറയില്ലാത്ത സ്നേഹവും പ്രോത്സാഹനവും അതോടൊപ്പം തന്നെ മറ്റുള്ളവരെ കൈപിടിച്ച് ഉയർത്തിക്കൊണ്ട് മുൻനിരയിലേക്ക് എത്തിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ ജാതിമതചിന്തകൾക്ക് അതീതമായി നടത്തുന്ന ഓരോ ആഘോഷങ്ങളും പൂർവ്വാധികം ഭംഗിയായി കൊണ്ടാടുവാൻ മലയാളി അസോസിയേഷനുകൾക്ക് കരുത്തും ശക്തിയും ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ 'ഞാൻ കണ്ട അമേരിക്ക' ഇവിടെ അവസാനിപ്പിക്കട്ടെ...

ജന്മസാഫല്യം

തെരേസ തോമസ്

ഒരു നാളിലമ്മതൻ ഉദരത്തിൽ
ഉരുവായ് തീർന്നൊരു കുഞ്ഞിളം സ്നേഹസ്പർശം
എൻ പുണ്യപുഷ്പമേ
കിനാവിൻ നിറവേ സാഗര ചിന്തയിൽ
ഊളിടും സുഖമേ
നിന്നോർമ്മ എന്നിലെ നൊമ്പരപാടമായ്
അകലങ്ങൾ തീർക്കുന്ന നിനവിന്റെ പാച്ചിൽ
പാറിപ്പറന്ന് മോഹം കവർന്നെങ്ങും
ദൂരെ അകന്നുപോയ് എൻ കൊച്ചുശലഭം
തിരികെ വരില്ലെന്നരികിൽ ഒരുനാളും
മാറോടണച്ചീടാം വാരിപ്പുണർന്നിടാം
ഉണ്ണീ നീയൊന്നു തിരികെ വന്നീടുമോ
ഓമനപ്പൈതൽ നീ മയക്കമാണോ?
എങ്ങു നീ പോയി മങ്ങി മറഞ്ഞാലും
ഉള്ളിൽ തെളിഞ്ഞീടും ആ രൂപം മുന്നിൽ
തേടിടും നിന്നെ കാണായ്കയിൽ ഓർത്തു
പാറി അകന്നുപോയ് എൻ കൊച്ചുശലഭം
തേടിടും നിന്നെ കാണായ്കയിൽ ഓർത്തു
പാറി അകന്നുപോയ് എൻ കൊച്ചുശലഭം
ജീവന്റെ തുടിപ്പായ് നീയിന്നുമെപ്പോഴും
ഉള്ളിൽ ത്രസിക്കുന്നെൻ ജീവശ്വാസം
മധുരമാം നിൻസ്വരം കേട്ടീടുവാനായ്
കാതോർക്കു കുഞ്ഞേ നിൻ അമ്മനാദം
താരാട്ടിൻ പല്ലവി കാത്തുസൂക്ഷിച്ചു
തേങ്ങലെൻ താളങ്ങൾ കേട്ടിടാതെ
വിടരാതെ കൊഴിയുന്ന മലർതേടി പോയി.
പാറി അകന്നു പോയ് ശലഭമായ് ഒരുനാൾ
വിടരാതെ കൊഴിയുന്ന മലർ തേടിപോയ്
പാറി അകന്നുപോയ് ശലഭമായ് ഒരുനാൾ
ആത്മാവിൻ തന്ത്രികൾ തൊട്ടു തലോടി
നീയെന്റെ മൃദുലമാം കുളിർകാറ്റായ്
ഓർക്കാതിരിക്കുവാനാകില്ല കുഞ്ഞേ നിൻ
സാന്നിദ്ധ്യമെന്നുള്ളിൽ ചൂടേറ്റിടും
ഒരു തെന്നൽ പോലെ വീശിടും ഓർമ്മകൾ
തിരയുന്ന രാവിലെ സാന്ത്വനമായ്
ഇന്നോളം കാത്തൊരു പുന്നാരം കേൾക്കാതെ
അകലങ്ങൾ താണ്ടി എൻ കൊച്ചുശലഭം
ഏകാന്തമായ് തീരും രാവിലും പകലിലും
നിൻ കൊഞ്ചൽ കാവലായ് ആശ്വാസമായ്
ഒരു കാലം വീണ്ടും കണ്ടുമുട്ടീടാം
എന്തൊരു വ്യാമോഹമുള്ളിൽ കാത്തിടാം
വിരഹത്തിൻ നൊമ്പരം മൗനത്തിൽ രാഗമായ്
ഈറനിൽ മുങ്ങിയെൻ കവിളിണകൾ
ഓടി അടുത്തു വന്നെന്നരികിൽ നിൽക്കുമോ
പാറി അകന്നിടും എൻ കൊച്ചുശലഭമേ
ഓടി അടുത്തു വന്നെന്നരികിൽ നിൽക്കുമോ
പാറി അകന്നിടും എൻ കൊച്ചു ശലഭമേ

നഷ്ടപ്പെട്ടുപോകുന്ന ഓണക്കാഴ്ചകൾ

ശ്രീപാർവ്വതി

മലയാളക്കരയുടെ സാർവ്വദേശീയോത്സവമാണ് ഓണം. കർക്കിടകപ്പെരുമഴയിൽ മുങ്ങിക്കുളിച്ച വരമ്പുകളിലും, നടവഴികളിലും, ദാരിദ്ര്യത്തിന്റെ ഗന്ധം വമിക്കുന്ന ഒഴിഞ്ഞ നെല്ലറകളിലും, ആധിയും വ്യാധിയും ക്ഷതമേൽപ്പിച്ച മനുഷ്യന്റെ മനസ്സിലും സമൃദ്ധിയുടേയും സന്തോഷത്തിന്റേയും പൊൻവെയിൽ കടന്നുവരുന്നതോടെ ഓണക്കാലത്തിനു തുടക്കമാകുന്നു. ഓണവെയിലേറ്റ് തിളങ്ങിനിൽക്കുന്ന തെങ്ങോലകളുടെ കാതുകളിൽ തെക്കൻകാറ്റു "തിത്തിത്താരാ, തിത്തിത്തൈയ്" പാടി കടന്നുപോകുമ്പോൾ, താഴെ മണ്ണിൽ അവരുടെ നിഴലുകൾ കുലുങ്ങിച്ചിരിക്കുന്ന കാഴ്ച നയനാനന്ദകരമാണ്.

ചിങ്ങമാസമാവുമ്പോഴേക്കും കാടായ കാടൊക്കെ പൂത്തുതുടങ്ങും. പാടവരമ്പത്ത് തുമ്പയും മുക്കുറ്റിയും തൊട്ടാവാടിയും പൂത്തുനിൽക്കുമ്പോൾ, കുന്നിൻചെരുവുകൾ കണ്ണാന്തളിപ്പൂക്കളും കാക്കപ്പൂക്കളും കൊണ്ടു നിറഞ്ഞിരിക്കും. നാട്ടിടവഴികളിലെ വേലിപ്പന്തലുകൾക്കിടയിലൂടെ പുഞ്ചിരിച്ചുകൊണ്ട് വേലിപ്പരുത്തിയും കോളാമ്പിപ്പൂവും വിടർന്നു നിൽക്കും. തൊടികളിലാകട്ടെ കൃഷ്ണകിരീടവും (ആറുമാസം), ചെമ്പരത്തിയും നന്ത്യാർവട്ടവും ആകാശമുല്ലയും രാജമല്ലിയും മറ്റും സ്ഥാനം പിടിക്കും.

കേരളത്തിന്റെ വിളവെടുപ്പു മഹോത്സവമാണ് ഓണം. നെല്ലു വിളയുന്ന കാലം; തൊടിയിലെ കപ്പയും ചേമ്പും വാഴക്കുലയുമെല്ലാം വിളവെടുപ്പിനു തയ്യാറായി നിൽക്കുന്ന കാലം.

1. *"പാടങ്ങൾ പൊന്നിൻ നിറം പൂണ്ടു നീളേ*
പാടിപ്പറന്നെത്തിയീ തത്തയെല്ലാം.
കേടറ്റ നെല്ലിൻക്കതിർക്കാമ്പു കൊത്തി
ചൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ!" എന്ന്

കുമാരനാശാൻ പാടിയത് പൂക്കാലത്തേക്കുറിച്ചാണ്. തങ്കനിറത്തിൽ വിളഞ്ഞുനിൽക്കുന്ന കതിരുകൾ കൊയ്തെടുക്കുന്ന കർഷകനും കതിരുകൊത്തി കൂട്ടത്തോടെ പറന്നകലുന്ന തത്തകൾക്കും ഒരേ ഉത്സാഹം; വിശപ്പുമാറി നല്ലകാലം വന്നതിന്റെ ഉത്സാഹം!

(1 പൂക്കാലം : കുമാരനാശാൻ)

മനുഷ്യനു പ്രകൃതിയുമായുണ്ടായിരുന്ന സുന്ദരമായ ബന്ധത്തിന്റെ ലാളിത്യമൂറുന്ന ഓർമ്മയും, "ലോകം മുഴുവൻ സമത്വവും ഐശ്വര്യവും വിടരട്ടെ" എന്ന വിശാലമായ വീക്ഷണത്തിന്റെ പ്രതിബിംബവുമാണ് ഓണം. ഓണത്തിന്റെ ഐതീഹ്യം മഹാബലി (മാവേലി) യുമായി ബന്ധപ്പെട്ടതാണെങ്കിലും അതു മുന്നോട്ടുവയ്ക്കുന്ന ആശയം പല കാലഘട്ടങ്ങളിൽ ലോകത്തിന്റെ പല കോണുകളിൽ നിന്നും മുഴങ്ങിക്കേട്ടതാണ്.

"മാവേലിനാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ല താനും
.....
.....
കള്ളവുമില്ല ചതിവുമില്ല
എള്ളോളമില്ല പൊളിവചനം
.....
നല്ല മഴപെയ്യും വേണ്ടും നേരം
നല്ലപോലെല്ലാ വിളവും ചേരും"

മാനുഷരെല്ലാവരും സന്തോഷത്തോടെയും സമത്വത്തോടെയും വസിച്ചിരുന്ന നല്ല കാലത്തേക്കുറിച്ചുള്ള സ്മരണകളാണ് ഓണം പങ്കുവെയ്ക്കുന്നത്. ഐതീഹ്യങ്ങൾ പുരാണങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുക പതിവാണ്. നാടോടിമിത്തുകളിലൂടെ നമുക്ക് സുപരിചിതനായ മാവേലി, വിഷ്ണുഭക്തനായിരുന്ന പ്രഹ്ലാദന്റെ പേരക്കുട്ടിയും ദ്രാവിഡ രാജാവുമായിരുന്നു മഹാബലിയെന്നാണ് വിശ്വാസം. പ്രജകളുടെ പ്രിയപ്പെട്ട രാജാവായിരുന്ന മഹാബലിയുടെ ഖ്യാതി നാടൊട്ടുക്ക് പ്രചരിച്ചതുകണ്ട് ദേവലോകത്തെ തന്റെ കിരീടം മഹാബലി തട്ടിയെടുക്കുമോ എന്ന ഭയം മൂലം മഹാവിഷ്ണുവിനോട് തന്നെ സംരക്ഷിക്കുവാനും മഹാബലിയുടെ വളർച്ചയെ അവസാനിപ്പിക്കുവാനും ദേവേന്ദ്രൻ അഭ്യർത്ഥിക്കുകയും തത്ഫലമായി മഹാവിഷ്ണു വാമനാവതാരം സ്വീകരിച്ച്, മഹാബലി "വിശ്വജിത്ത്" യാഗം ചെയ്യുന്നിടത്തെത്തി ഭിക്ഷയായി മൂന്നടി മണ്ണു ചോദിച്ചു. അസുരഗുരുവായ ശുക്രാചാര്യരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് മൂന്നടി മണ്ണ് വാമനനു നൽകാം എന്ന് മഹാബലി വാഗ്ദാനം ചെയ്തു. ആകാശമുട്ടെ വളർന്ന വാമനൻ തന്റെ കാൽപാദം അളവുകോലാക്കി ഭൂമിയും ആകാശവും പാതാളവും രണ്ടടികൊണ്ടതന്നെ അളന്നെടുത്തു. മൂന്നാമത്തെ അടി എവിടെ വയ്ക്കണം എന്നു വാമനൻ ചോദിച്ചപ്പോൾ വാമനനായി വന്നത് മഹാവിഷ്ണു വാണെന്ന് മനസ്സിലാക്കുകയും തന്റെ ശിരസ്സു കുനിച്ചു കൊടുത്ത് ശിരസ്സിൽ കാല്പാദമമർത്തിക്കൊള്ളാൻ മഹാബലി അഭ്യർത്ഥിക്കുകയും ചെയ്തു. ബലിയുടെ ശിരസ്സിൽ പാദം അമർത്തി വാമനൻ അദ്ദേഹത്തെ പാതാളത്തിലേക്കു താഴ്ത്തി.

ആണ്ടിലൊരിക്കൽ തന്റെ പ്രജകളെ സന്ദർശിച്ചുകൊള്ളാൻ വാമനൻ അസുരരാജാവിന് അനുവാദം നൽകി. വർഷത്തിലൊരിക്കൽ തങ്ങളേയും നാടിനേയും കാണാനെത്തുന്ന മഹാരാജാവിനെ സ്വീകരിക്കുവാനാണ് കേരളീയർ ഓണം ആഘോഷിക്കുന്നത്. ഐതീഹ്യം ഇപ്രകാരമാണെങ്കിലും പുരാണങ്ങളിൽ വളരെക്കുറച്ചുമാത്രമേ ബലി എന്ന രാജാവിനെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളൂ. പക്ഷേ പുരാണങ്ങളിലെ ബലിരാജാവുമായി നാടോടി ഐതീഹ്യങ്ങളിലെ മഹാബലിക്ക് വ്യത്യാസങ്ങളേറെയുണ്ട്.

ചരിത്രത്തിന്റെ സത്തയെ മിത്തുകളാക്കി സൂക്ഷിക്കുന്ന മലയാളി, ഓണ ഐതീഹ്യത്തിലൂടെ സമത്വമാനവ സങ്കൽപ്പത്തെ ജീവിതത്തോടു ചേർത്തുനിർത്തുകയാണ്. ആധുനിക-അസ്സിറിയൻ സാമ്രാജ്യത്തിലെ അവസാന ചക്രവർത്തിയായ അസ്സുർ-ബാനിപാലിന്റെ കഥകളിൽ നിന്നുമാവാം മഹാബലിക്കഥ വന്നതെന്നും, കൊങ്കിളം കോവരച വംശത്തിൽപ്പെട്ട മഹാനായ ഒരു ചേരരാജാവായിരുന്നു മഹാബലി എന്നും, പശ്ചിമേന്ത്യയിലെ ഒരു രാജാവാണ് ബലി എന്നുമൊക്കെയുള്ള വാദങ്ങൾ ചരിത്രകാരന്മാർ ഉന്നയിച്ചിട്ടുണ്ട്. കേരളത്തിലെ ഓണത്തിന്റെ ഉത്ഭവം തമിഴ്നാട്ടിലാണെന്നും പറയപ്പെടുന്നു. സംഘകാല കൃതിയായ 'തിരുപല്ലാണ്ടു ഗാന'ത്തിൽ ഓണത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

ഓണത്തിന്റെ ഐതീഹ്യം പറയുന്നത് കേവല-വർഗ്ഗ-സമത്വം മാത്രമല്ല, അടിത്തട്ടിൽ നിന്നുള്ള ഉയിർത്തുവരവുകൂടിയാണ്. താണുപോയവന്റെ ഉയർത്തെണീപ്പിന്റെ രാഷ്ട്രീയം; ദ്രാവിഡ രാജാക്കൻമാർ അസുരന്മാരായ നിറത്തിന്റെ രാഷ്ട്രീയം, അങ്ങനെ പലതും അതിനുള്ളിലുണ്ട്. ചതിച്ചും കബളിപ്പിച്ചും വാമനാധികാരങ്ങൾ ചവിട്ടിത്താഴ്ത്തുന്ന മാവേലികൾ ഇന്നും ജീവിക്കുന്ന ലോകത്ത് ഓണത്തിന്റെ പ്രാധാന്യം ഏറുകയാണ്.

കുട്ടിയായിരിക്കുമ്പോഴാണ് ഓണം കൂടുതൽ ആസ്വദിക്കാൻ കഴിയുക. പ്രകൃതി സ്വയം അലങ്കരിക്കുന്ന സുന്ദരമായ കാലത്തിന്റെ സൗന്ദര്യം കുട്ടികളാണ് ഒപ്പിയെടുക്കുന്നത്; അവരുടെ പുഞ്ചിരികളിലേക്കും പൊട്ടിച്ചിരികളിലേക്കും ആ സൗന്ദര്യം വ്യാപിക്കുന്നു. അത്തം മുതൽ ഉത്രാടം വരെ പൂക്കളമിടേണ്ടത് കൂടുതലായും കുട്ടികളുടെ അവകാശമാണ്. അതുകൊണ്ടുതന്നെ ഓണക്കാല ഓർമ്മകൾ എന്നു പറയുമ്പോൾ അത് കുട്ടിക്കാലത്തെക്കുറിച്ചുള്ള ഓർമ്മകൾ കൂടിയാകും.

പത്രത്താളോ, വാഴയിലയോ കുമ്പിളുകുത്തിയതോ, പൂക്കുടയോ മുറുകെപ്പിടിച്ച് പൂപറിക്കുവാൻ ഓടി നടക്കുന്ന കുരുന്നുകൾ ഓണക്കാലത്തെ സവിശേഷകാഴ്ചയായിരുന്നു. അവർക്കു പാടാൻ ഒരുപാടു പാട്ടുകളുമുണ്ടായിരുന്നു.

1. "തുമ്പപ്പൂവേ പൂത്തിരുളേ
നാളേയ്ക്കൊരുവട്ടി പൂ തരണേ"

2. "പൂവായപൂവെല്ലാം പിള്ളേരിറുത്തേ
പൂവാംകുരുന്നില ഞാനും പറിച്ചേ
പിള്ളേരുടെ പൂവൊക്കെ വാടിക്കരിഞ്ഞേ
എന്നുടെ പൂവൊക്കെ മിന്നിത്തെളിഞ്ഞേ
പൂവേ പൊലി പൂവേ പൊലി
പൂവേ പൊലി പൂവേ."

ഇവയൊക്കെ പൂപ്പാട്ടുകളുടെ ഉത്തമോദാഹരണങ്ങളാണ്. ഇന്ന് പൂപ്പാട്ടുകളും ഇത്തരം ഓണക്കാഴ്ചകളും തീർത്തും ഇല്ലാതെയാവുന്നു എന്ന സത്യം വളരെയധികം വേദനയാണ് നൽകുന്നത്.

ഓണക്കാലം കളികളാൽ സമ്പുഷ്ടമാണ്. പലദേശങ്ങളിൽ കളികൾ പലതാണ്. ഓണക്കളികളിൽ വളരെ പഴക്കം ചെന്ന കളിയാണ് ഓണത്തല്ല്. ഓണത്തല്ല് ഒരു കായിക വിനോദമാണ്. തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം ഓണത്തല്ലിന് പ്രസിദ്ധമാണ്. ചെണ്ടയോ മറ്റു വാദ്യമേളങ്ങളുടെ അകമ്പടിയോടെയോ നടത്തുന്ന പുലികളിയും ഓണക്കാലത്തിന്റെ സവിശേഷതയാണ്. കുമ്മാട്ടിപ്പുല്ല് (പർപ്പിടകപ്പുല്ല്) അണിഞ്ഞ് വീടുതോറും എത്തുന്ന മറ്റൊരു ഇനമാണ് കുമ്മാട്ടിക്കളി. പകിടകളി, ഓണക്കളി, വടംവലി മുതലായവയാണ് ഓണക്കാലത്തെ മറ്റു പ്രധാന കളികൾ.

ഓണക്കാലം സമ്മാനിക്കുന്ന മറ്റൊരു ആവേശക്കാഴ്ച വള്ളംകളി, അല്ലെങ്കിൽ ജലമേളകളാണ്. പുന്നമടക്കായൽ പരപ്പിൽ അരങ്ങേറുന്ന നെഹ്റു ട്രോഫി വള്ളംകളി, ആറന്മുള വള്ളംകളി, ചമ്പക്കുളം മൂലം വള്ളംകളി, പായിപ്പാട് ജലോത്സവം എന്നിങ്ങനെ ധാരാളം വള്ളംകളികളാണ് ഓണക്കാലത്ത് നമ്മെ കാത്തിരിക്കുന്നത്.

"കുട്ടനാടൻ പുഞ്ചയിലേ കൊച്ചുപെണ്ണേ കുയിലാളേ
കൊട്ടുവേണം കുഴൽ വേണം കുരവ വേണം
വരവേൽക്കാനാളു വേണം കൊടിതോരണങ്ങൾ വേണം
വിജയശ്രീലാളിതരായ് വരുന്നു ഞങ്ങൾ....."

എന്നു പാടിക്കൊണ്ട് ഓളങ്ങളെ കീറിമുറിച്ച് പാഞ്ഞുവരുന്ന കാവാലം ചുണ്ടനും നെറ്റിപ്പട്ടം കെട്ടിയ കരിവീരനെപ്പോലെ അഴകോലുന്ന കാരിച്ചാൽ ചുണ്ടനുമൊക്കെ കേരളത്തിനു മാത്രം അവകാശപ്പെട്ട അഭിമാനങ്ങളാണ്.

തുമ്പിതുള്ളൽ, തിരുവാതിര, ഊഞ്ഞാലാട്ടം തുടങ്ങിയ വിനോദങ്ങളിൽ സ്ത്രീകളാണ് പ്രധാനമായും പങ്കെടുക്കുക. ഓണക്കാലത്തെ പ്രസിദ്ധമായ ഒരു തുമ്പിതുള്ളൽ പാട്ടാണ്,

"ഒന്നാനാം കുന്നിന്മേൽ ഓരടിക്കുന്നിന്മേൽ
ഒന്നല്ലോ പാർവ്വതി പാലനട്ടു
പാലയ്ക്കിലവന്നു പൂവന്നു കായ് വന്നു
പാലയ്ക്കൽ പാർവ്വതി തുള്ളണം പോൽ".

ഒട്ടേറെ ഓർമ്മകളും സന്തോഷവും സ്നേഹവുമാണ് ഓ

ണക്കാലം ഓരോ മലയാളിക്കും സമ്മാനിക്കുന്നത്. അമ്പല പ്പുഴ വേലകളി, കുന്ദംകുളത്തെ ഓണത്തല്ല്, തൃക്കാക്കര അ ത്തപ്പൂവട, തൃപ്പൂണിത്തുറ അത്തച്ചമയം, വള്ളുവനാട്ടിലെ ഓ ണവില്ല്, വടക്കേ മലബാറിലെ ഓണപ്പൊട്ടൻ തെയ്യം, ഉത്യട്ടാതി വള്ളംകളി അങ്ങനെ പോകുന്നു ഓണക്കാഴ്ചകളുടെ നിര.

ഓണക്കോടിയുടുത്ത്, പൂക്കളമൊരുക്കി, ഊഞ്ഞാലിൽ ചി ല്ലാട്ടം പറന്ന ബാല്യ-കൗമാരങ്ങൾക്കും ഓണകളികളിൽ ഉ ത്സാഹത്തോടെ പങ്കുചേർന്ന യൗവ്വനത്തിലും, മാവേലിക്കഥ കളും ഓണപ്പാട്ടുകളും കുരുന്നുകൾക്കു പകർന്നുകൊടുക്കു ന്ന വാർദ്ധക്യത്തിലും ഓണത്തിന്റെ നവ്യഭാവങ്ങളും അനുഭ വങ്ങളുമാണ് നമുക്കു ലഭിക്കുന്നത്. ഓണസദ്യയുടെ രുചി മ രിക്കുവോളം മലയാളിയുടെ നാവിന് അന്യമാവില്ല.

തനിമയും സ്നിഗ്ദ്ധതയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഓ ണാഘോഷത്തിനെക്കുറിച്ച് ചിന്തിക്കുമ്പോൾ നഷ്ടപ്പെടലിന്റെ വേദന മനസിലെവിടെയോ തുളുമ്പിനിൽക്കും. നൈസർഗിക ത നഷ്ടപ്പെട്ടുകൊണ്ടിരിക്കലും കൃത്രിമത്വം ഏറെ കടന്നുകൂടി ക്കൊണ്ടിരിക്കുകയാണെങ്കിലും ഓണം ഇന്നും മലയാളികളു ടെ ജീവിതത്തിന്റെ ഭാഗമാണ്. നഷ്ടപ്പെട്ടുപോയതിനെ പുനഃ സൃഷ്ടിക്കേണ്ടതും സംരക്ഷിക്കേണ്ടതും നമ്മുടെ കടമയാണ്. അതിനാൽ ആ നല്ല നിമിഷങ്ങളെ പുതുതലമുറയ്ക്കും പ്രാ പ്യമാക്കുവാൻ വീണ്ടും ഓണത്തിന്റെ തനിമയെ നമുക്കു സ്വീ കരിക്കാം. ലോകത്തിന്റെ ഏതു കോണിലിരുന്നും ആവുംവി ധം ഓണമാഘോഷിക്കുന്ന മലയാളികളിലൂടെ നമുക്കു മന സ്സിലാക്കുവാൻ സാധിക്കുന്നത് മനുഷ്യമനസ്സുകൾക്കുള്ളിലാ ണ് ഓണമെന്നാണ്.

സമത്വവും സാഹോദര്യവും സ്നേഹവും നഷ്ടപ്പെടാതെ സൂക്ഷിക്കുന്ന മനുഷ്യമനസ്സുകളിൽ എന്നും ഓണക്കാലമാണ്!

AVITA CARPET INC.

Flooring Services ~ Sales, Installations & Repairs
Residential • Commercial • Industrial • Schools
Hardwood Floors ~ Cherry, Oak, Birch, & Teak
• Plank & Strip • Custom & Pre-Finished Floor Sanding
• Stains & Varnishes • Sealers
Tile & Sheet Linoleum
Indoor & Outdoors Floorings
Floor Tile • Non-Wax Linoleums & Tiles
Artifical Grass • Rubber Mats
Cushioned & Sheet Vinyl
Non-Skid Safety Walks
Wall-toWall Carpets • Rugs • Slate • Terracotta Flooring
Water Damage Corrected
36111 Ford Road Westland, MI 48185
Phone: (734) 729-2929, Fax: (734) 729-2909
Email: avitacarpetinc@gmail.com
http://www.avitacarpet.com

Namaste Flavours
Indian Cuisine
Delicious Indian Food
at Reasonable price
34749 Grand River Ave,
Farmington, MI 48335
Phone: (248) 471-5555
44954 Ford Rd,
Canton, MI 48187
Phone: (248) 476-5555

Leon's
Flooring Outlet
Flooring From A to Z
'വിലക്കുറവിൽ ഒന്നാമൻ'
$675 Whole House of Carpet!
Materials, Pad and Labor! 2 bedrooms, living room & hallway
(Size restrictions may apply)
Spring BLOWOUT!
39¢ sq. ft.
Mohawk sheet vinyl
Freshen up your home!
4 mm thick
10 year warranty
While supplies last!
$300 OFF
Purchase of $1,000 or more
OR
$150 OFF
Purchase of $500 or more
0% Financing
NEXT DAY INSTALLATION
32104 Plymouth Rd • Livonia, MI 48150
734-466-3000
Hours: Mon - Sat 10-6 • Sun Closed
www.leonsflooring.com

ബിജു ജോസഫ്

തീരാത്ത ദാഹം

വരണ്ടുണങ്ങിയ മണ്ണും.... മനസ്സും;
കരിവീണുണങ്ങിയ മന്നന്റെ മനസ്സും
കലിപൂണ്ടു നിൽക്കുമീ ഭൂമിമാതാവും മക്കളും

മണ്ണിന് ദാഹം, വിണ്ണിലെ സൂര്യന് ദാഹം
മന്നന് ദാഹം, മന്നന്റെ മനസ്സിന് ദാഹം...
ബന്ധങ്ങളില്ലിവിടെ ബന്ധനങ്ങൾ മാത്രം
അരുവികളില്ല നമുക്കിനി കണ്ണീർത്തടങ്ങൾ മാത്രം ബാക്കി...

ചൂളംവിളികളില്ല ഇനിയും... നിലവിളികൾ മാത്രം ബാക്കി
മഴത്തുള്ളികൾ പോയി... ഇനി കണ്ണീർത്തുള്ളികൾ മാത്രം ബാക്കി
മന്നാ!! മന്നാ!! ഹനിപ്പിക്ക നിന്റെ ദാഹങ്ങളെ
ദഹിപ്പിക്ക നിന്റെ അമിതദാഹങ്ങളെ
ചേർത്തുപിടിക്ക നിന്റെ മരത്തെ, എന്നും ചേർത്തുപിടിക്ക

ശമിപ്പിക്കുമത് നിന്റെ ദാഹങ്ങളെ
തളിർപ്പിക്കുമത് നിന്റെ സ്വപ്നങ്ങളെ
അടുപ്പിക്കുമത് നിന്നോട് നിന്റെ ജനങ്ങളെ
തീർക്കാം നമുക്ക് നമ്മുടെ ദാഹത്തെ!

Century 21
Premier
44968 Ford Road, Canton, MI 48187
Office (734) 453-4300
Cell (734) 657-0777
Fax (734) 207 4977
Email: madvi.kondapallil@century21.com
Madhavi Kondapallil
REALTOR©
REALTOR® MLS MULTIPLE LISTING SERVICE
Each office independently Owned And Operated

Contact **Madhavi Kondpallil** for all your real estate need.
Over 20 years of experience
She Handles many transactions every year.
One of the Top realtors serving the local Indian community
So many satisfied clients

എഴുത്തുകാരി ബിന്ദു പണിക്കരുമായിട്ടുള്ള ഒരു സംഭാഷണം

കാവ്യഭാഷ രസബിന്ദുക്കൾ

ഡോ. ശാലിനി ജയപ്രകാശ്

ശാലിനി: നമസ്കാരം ചേച്ചീ! സാഹിത്യവും എഴുത്തും സ്നേഹിക്കുന്ന എല്ലാ മിഷിഗൺ മലയാളികളുടെയും ഒരു സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും നിമിഷമാണ് ഇത്. നമ്മുടെ ഇടയിൽ നിന്നു ഒരു എഴുത്തുകാരിയുടെ പുസ്തകപ്രകാശനം!! അഭിനന്ദനങ്ങൾ! പറയൂ ചേച്ചി.... 'കോഫീവിത്ത് ഗാന്ധാരിയമ്മ' എന്ന ഈ പുസ്തകം എങ്ങനെ സംഭവിച്ചു? പുസ്തകത്തെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?

ബിന്ദു: നമസ്കാരം! അതോടൊപ്പം തന്നെ ഒരുപാടു നന്ദി ശാലിനി

സത്യം പറഞ്ഞാൽ ഒരു പുസ്തകമായിട്ടു എഴുതിയതല്ലല്ലോ. ഞാൻ കുറെകാലമായി എഴുതിയതൊക്കെ ഒരു പുസ്തകമാക്കിയതാണ്. അതുകൊണ്ടാണ് പുസ്തകത്തെ പല ഭാഗങ്ങളായി തിരിച്ചത്. അതിൽ ചെറു കഥകളും, കവിതകളും, കുറിപ്പുകളും ഒക്കെയുണ്ട്. ഏഴു ഭാഗമായിട്ടാണ് തിരിച്ചിരിക്കുന്നത്. എടുത്തു പറയേണ്ട ഭാഗം ഭൂവാസി, ദാമ്പത്യം, ഈ നൂറ്റാണ്ട്, തിരിഞ്ഞുനോട്ടം എന്നിവയാണ്. ഇങ്ങനെ ഒരു ചെറുകഥ, കവിത സങ്കലനം ഒരേ പുസ്തകത്തിൽ ഞാൻ അധികം കണ്ടിട്ടില്ല. അതിനാൽ ആയിരിക്കും പബ്ലിഷേഴ്സ് പറഞ്ഞത് ഇത് വ്യത്യസ്തമായിരിക്കുന്നു എന്ന്.

ശാലിനി: മലയാളത്തിലും ഇംഗ്ലീഷിലും ഒക്കെ 'പ്രവാസി സാഹിത്യം' എന്ന എഴുത്തു വേറിട്ട് തന്നെ കാണേണ്ട ഒരു സാഹചര്യമാണ്. സ്വയം ഒരു പ്രവാസി എഴുത്തുകാരിയായിട്ട് വിലയിരുത്തുന്നുണ്ടോ?

ഞാൻ ഇവിടെ വന്നിട്ടു കുറെക്കാലമായി. ഇവിടുത്തെ സാഹചര്യങ്ങൾ എന്നെ സ്വാധീനിച്ചിട്ടുണ്ട്. പക്ഷെ ഞാൻ ഒരു പ്രവാസി എന്ന ചട്ടക്കൂടിൽ മാത്രം നിന്നും എഴുതുന്നതല്ല. ഒരു പ്രവാസി എഴുത്തുകാരി എന്നതിൽ ഉപരി ഒരു ഭൂവാസി എഴുത്തുകാരി എന്ന പ്രയോഗമാണ് എനിക്ക് ഇഷ്ടവും. അതുകൊണ്ടു പുസ്തകത്തിന്റെ ആദ്യഭാഗത്ത് 'ഭൂവാസി' എന്നാണ് പേര് നൽകിയത്. ഭൂവാസി എന്ന പദത്തിന് കുറെ കൂടെ 'ഇൻക്ലൂസിവെൻസ്' ഉണ്ടെന്ന് തോന്നുന്നു. ഒരു പ്രവാസി ആയതുകൊണ്ട് നാട്ടിലെ കാര്യങ്ങൾ ഒക്കെ ഒരു വിമർശനബുദ്ധിയോടെ കാണാൻ പറ്റുന്നു. അതോടൊപ്പം തന്നെ മറിച്ചും. ഇവിടുത്തെ പോരായ്മകളും നാടൻ ഉൾകാഴ്ച കൊണ്ട് കാണാൻ സാധിക്കുന്നു.

ശാലിനി: ഈ പുസ്തകം എത്രത്തോളം ഓട്ടോബയോഗ്രാഫിക്കൽ ആണ്? ഇതിലെ കഥാപാത്രങ്ങൾ ജീവിതത്തിൽ കണ്ടവയോ, മുഹൂർത്തങ്ങൾ അനുഭവിച്ചവയോ ആണോ?

ബിന്ദു: കുറെ ഒക്കെ അബോധമനസോടെ എഴുതിയിട്ടുണ്ടാവും. പക്ഷെ എനിക്കു തോന്നുന്നു എന്റെ എഴുത്തു സാങ്കല്പികം ആണ്. ഞാൻ ഒരു വ്യത്യസ്തയായി ആണ് എഴുതുന്നത്. 'ബിന്ദു' ആയി എഴുതാറില്ല. അങ്ങനെ എഴുതാനാണ് എനിക്ക് ഇഷ്ടം. ജീവിതത്തിലെ പ്രഭാവം ഉണ്ടാവും, ഒരു

പരിധി വരെ മാത്രം. ബാക്കി എല്ലാം എന്റെ ഭാവനയുടെ ചിറകിൽ സഞ്ചരിച്ചുണ്ടായവ ആണ്.

ശാലിനി: ചേച്ചിയുടെ എഴുത്തിൽ ഒരു ഹാസ്യകരമായ ആർദ്രതയുണ്ട്. ഞാൻ വായിച്ചതുകൊണ്ട് ഹാസ്യം (സറ്റയർ) വളരെ ബുദ്ധിമുട്ടുള്ള ഒരു രചനാരീതിയാണെന്ന്. എങ്ങനെ ആണ് ഇത്ര നിഷ്പ്രയാസമായി എഴുതാൻ സാധിക്കുന്നത്?

ബിന്ദു: ആദ്യംതന്നെ ആ ഒരു അഭിനന്ദനവചനത്തിനു നന്ദി. അങ്ങനെ എഴുതാൻ ഞാൻ പ്രത്യേക ശ്രമം ഒന്നും നടത്താറില്ല. എന്റെ ചിന്തകളും എഴുത്തു ശൈലിയും അങ്ങനെയാണ്. കുറച്ചു സറ്റാറിക്കൽ ആയതു വായിക്കാനും, ചിന്തിക്കാനും, എഴുതാനും ആണ് എനിക്ക് പ്രിയം. വീട്ടിൽ ഞങ്ങളും സംസാരിക്കുന്നത് തന്നെ അങ്ങനത്തെ ഒരു ശൈലിയിലാണ്. ദേഷ്യത്തെ കൂടി ഒരു തമാശരൂപത്തിൽ പറയാറാണു പതിവ്. മക്കൾ ഒരു തെറ്റ് ചെയ്താൽ, പരിഹാസ രീതിയിൽ, ചിരിച്ചുകൊണ്ട് അത് സമർപ്പിക്കും. അങ്ങനെ പറയുമ്പോൾ കുറെ കൂടെ അത് ഏൽക്കാറുണ്ട് എന്ന് തോന്നിയിട്ടുണ്ട്. അത് കൊണ്ട് ആ ഒരു രീതി ആണ് എനിക്ക് ലഘുവായി വരിക. പിന്നെ, ഞാൻ അത് അല്ലാത്ത ഒരു ശൈലിയിൽ എഴുതി നോക്കിയിട്ടുണ്ട്. പക്ഷെ അത് എനിക്കു ഒട്ടും ഇഷ്ടപ്പെട്ടില്ല. എഴുതി തുടങ്ങുമ്പോൾ ആദ്യത്ത ത്രെൻഡ് തന്നെ ഈ രീതിയിൽ ഉള്ളതാവും.

ശാലിനി: ബിന്ദു എന്ന എഴുത്തുകാരിക്ക് എഴുതാൻ എന്താണ് ഒരു പ്രചോദനം? അഥവാ വേണ്ട ഒരു 'റോ മെറ്റീരിയൽ' എന്താണ്? അതോടൊപ്പം തന്നെ എഴുത്തു കുടെ ആലോചിച്ചു പ്ലാൻ ചെയ്തു സംഭവിക്കുന്നതാണോ അല്ലെങ്കിൽ "Write until not writing makes you anxious" എന്നതാണോ. അതോ writer William Faulkner പറഞ്ഞത് പോലെ "if a story is within you, it has to come out" എന്ന് ആണോ?

ബിന്ദു: സത്യം പറഞ്ഞാൽ എന്റെ 80% കഥകളും എഴുതി പോയവയാണ്. ഇരുന്നു എഴുതുന്ന സ്വഭാവം എനിക്ക് ഇല്ല. എന്റെ കവിതകൾ കാറിൽ ഡ്രൈവ് ചെയ്യുമ്പോൾ ആണ് ജനിക്കാറുള്ളത്. സിഗ്നലിൽ നിർത്തുമ്പോൾ, ഗ്രോസറി ബില്ലിലും ഗ്യാസ് റെസിപ്റ്റിൽ ഒക്കെ ഞാൻ കുത്തിക്കുറിക്കാറുണ്ട്. അല്ലെങ്കിൽ അടുക്കളയിൽ ദോശ ചുടുമ്പോൾ ആവും കവിത വരിക. കുറച്ചു ദിവസം കഴിഞ്ഞ അത് ഞാൻ റീവർക് ചെയ്യാറുണ്ട്. തിരിഞ്ഞു നോട്ടത്തിൽ ഞാൻ അതിനു മാറ്റങ്ങൾ വരുത്താറുണ്ട്. പക്ഷെ ആദ്യത്തെ ഒരു 'ത്രെഡ് ഓഫ് തോട്ട്' ഇങ്ങനെയൊക്കെ അപ്രതീക്ഷിതമായി ആണ് വരിക.

ശാലിനി: ഗാന്ധാരിയമ്മ എന്ന പേരിലേക്ക് വരട്ടെ. ആരാണ് ഈ സ്ത്രീ? ഇങ്ങനെ ഒരു മലയാളി പേര് സാധാരണം ആണോ? പുരാണങ്ങളിലെ ഗാന്ധാരിയമ്മ ആയിട്ടു വല്ല ബന്ധവും ഉണ്ടോ?

ബിന്ദു: ഞാൻ ഒരു വളരെ പണ്ഡിതയായിട്ടുള്ള ഒരു സ്ത്രീയെ സങ്കല്പിച്ചപ്പോൾ വന്ന ഒരു പേരാണ് ഗാന്ധാരിയമ്മ. ആ ഒരു സങ്കല്പ കഥാപാത്രത്തിന് മഹാഭാരതത്തിലെ ഗാന്ധാരിയമ്മ ആയിട്ടു ഒരു സാമ്യവും ഇല്ല.

ശാലിനി: ടൈറ്റിലിൽ തന്നെ ഒരു സവിശേഷത ഉണ്ടല്ലോ. ഇംഗ്ലീഷും മലയാളവും കൂടിച്ചേർന്നു ഒരു ശീർഷകം. ഇവിടെ താമസിക്കുന്നത് കൊണ്ടാണോ ഇങ്ങനെ ആക്കിയത്?

ബിന്ദു: കവർ പേജും ടൈറ്റിലും ഞങ്ങൾ കുടുംബമായിട്ടു (എന്റെ ഭർത്താവ് ബൈജു, അനിയത്തി ബിനി, അനുജൻ ബിനു) ആണ് തിരഞ്ഞെടുത്തത്. 'ഗാന്ധാരിയമ്മയുടെ മുറ്റത്തെ അമേരിക്കൻ വിശേഷങ്ങൾ' എന്നായിരുന്നു ഞാൻ ആദ്യം കണ്ടു വച്ച പേര്. പുസ്തകത്തിന്റെ കവറിൽ ഞാൻ എന്ന മലയാളിയും, ഞാൻ എന്ന പ്രവാസിയുടെയും, രണ്ടു വ്യക്തിത്വവും കാണിക്കുന്ന ഒരു കവർ പേജുമാവണം എന്ന് എനിക്ക് നിർബന്ധം ഉണ്ടായിരുന്നു. 'കോഫീ വിത്ത്' എന്ന് നിർദ്ദേശിച്ചത് ബിനു ആണ്. അതുകൊണ്ടാണ് രണ്ടു സംസ്കാരങ്ങളും പ്രതിഫലിപ്പിക്കുന്ന ഒരു ചിത്രവും ടൈറ്റിലും ആക്കിയത്.

"സത്യം പറഞ്ഞാൽ എന്റെ 80% കഥകളും എഴുതി പോയവയാണ്. ഇരുന്നു എഴുതുന്ന സ്വഭാവം എനിക്ക് ഇല്ല. എന്റെ കവിതകൾ കാറിൽ ഡ്രൈവ് ചെയ്യുമ്പോൾ ആണ് ജനിക്കാറുള്ളത്. സിഗ്നലിൽ നിർത്തുമ്പോൾ, ഗ്രോസറി ബില്ലിലും ഗ്യാസ് റെസിപ്റ്റിൽ ഒക്കെ ഞാൻ കുത്തിക്കുറിക്കാറുണ്ട്. അല്ലെങ്കിൽ അടുക്കളയിൽ ദോശ ചുടുമ്പോൾ ആവും കവിത വരിക. കുറച്ചു ദിവസം കഴിഞ്ഞ അത് ഞാൻ റീവർക് ചെയ്യാറുണ്ട്. തിരിഞ്ഞു നോട്ടത്തിൽ ഞാൻ അതിനു മാറ്റങ്ങൾ വരുത്താറുണ്ട്. പക്ഷെ ആദ്യത്തെ ഒരു 'ത്രെഡ് ഓഫ് തോട്ട്' ഇങ്ങനെയൊക്കെ അപ്രതീക്ഷിതമായി ആണ് വരിക."

ശാലിനി: ബിന്ദു എന്ന എഴുത്തുകാരിയുടെ എഴുത്തിൽ, നാടിന്റെ ചിന്തകളും പ്രവാസി ജീവിതത്തിലെ കാഴ്ചകളും രണ്ടും കലർന്ന് കിടക്കുന്നു. എപ്പോഴെങ്കിലും ഈ രണ്ടു ചിന്തകൾ തമ്മിൽ ഒരു വിള്ളൽ തോന്നിയിട്ടുണ്ടോ? അതോ രണ്ടും വെവ്വേറെ അല്ല എന്ന തിരിച്ചറിവാണോ?

ബിന്ദു: ഞാൻ ഈ പറഞ്ഞ രണ്ടു 'ഐഡന്റിറ്റിസ് കോംപ്ലിമെന്ററി' ആണ്. ഒരു അന്തരം ഒരിക്കലും തോന്നിയിട്ടേ ഇല്ല, ഇവിടെ വന്നത് കൊണ്ട് ആണ് എനിക്ക് എന്റെ വേരുകൾ ഇത്ര ഉറച്ചതും മഹത്വമായതും എന്ന തിരിച്ചറിവ് ഉണ്ടായത്. നാട്ടിൽ നിന്ന് ഉള്ള പ്രത്യക്ഷമായ അകൽച്ച പരിസ്ഥിതികളെ വീക്ഷിക്കാൻ എനിക്ക് കുറെ കൂടി വസ്തുനിഷ്ഠത അഥവാ objectivty തന്നു എന്നാണ് എന്റെ വിശ്വാസം.

ശാലിനി: പുസ്തകത്തിന്റെ രണ്ടാം ഭാഗം ചേച്ചിയുടെ അച്ഛൻ 'അമ്മമാർക്കു സമർപ്പിച്ചിട്ടുണ്ട്. അവർ ബിന്ദു എന്ന എഴുത്തുകാരിയിൽ എത്രത്തോളം പ്രഭാവം ചെലുത്തിയിട്ടുണ്ട്?

ബിന്ദു: എന്റെ അമ്മയുടെ അമ്മയ്ക്കാണ് ഞാൻ ഈ പുസ്തകം ആത്മസമർപ്പണം ചെയ്യുന്നത്. കാരണം എന്റെ അമ്മൂമ്മ ഒരു പണ്ഡിതയും, ആയുർവേദ വൈദികയും സംസ്കൃതത്തിൽ പാണ്ഡിത്യമുള്ളവരും ആയിരുന്നു. അവിടെ വളർ


Ram Creations
Jewelry & Gifts
(248) 851-1400 | www.ramcreations.com | info@ramcreations.com
28974 Orchard Lake Rd, Farmington Hills, MI 48334

ന്നപ്പോൾ രാമായണവും, ഭാഗവതവും, സംസ്കൃത ശ്ലോകങ്ങളും ഒക്കെ വായിച്ചും കേട്ടും ആണ് വളർന്നത്. അമ്മൂമ്മ അതൊക്കെ പറഞ്ഞു മനസിലാക്കി തരുമായിരുന്നു. അതോടൊപ്പം തന്നെ എന്റെ അമ്മയും ഏറെ പങ്കു വഹിച്ചിട്ടുണ്ട്. പാട്ടിലും, നൃത്തത്തിലും, പ്രസംഗകലയിലും, കലകളിലും, സ്പോർട്സിലും, നാടകത്തിലും ഒക്കെ എനിക്കും എന്റെ അനിയത്തിക്കും ആവോളം പ്രോത്സാഹനം തന്നിട്ടുണ്ട്. അങ്ങനെ ഒരു കലാ പാരമ്പര്യത്തിൽ ജനിച്ചു വളരാനും, ഉള്ളിൽ ഉള്ള ജന്മവാസനകളെ വളം ഇട്ടുതരാനും എന്റെ അച്ഛനും അമ്മയും പരിശ്രമിച്ചിരുന്നു. ഇതൊക്കെ കൊണ്ട് ആവാം ഒരു സാഹിത്യപരമായ വാസന എന്റെ ഉള്ളിൽ ഉണ്ടായത്. 6-ാം ക്ലാസ്സിൽ എഴുതിയ ഒരു കവിത ബാലരമ എന്ന കുട്ടികളുടെ മാസികയിലേക്ക് അമ്മ അയച്ചു കൊടുത്തു. പക്ഷെ അവർ അത് ഒരു കുട്ടി എഴുതിയതല്ല എന്ന് പറഞ്ഞു തിരിച്ചു അയച്ചു. ഭയങ്കര സങ്കടം ആയിരുന്നു. പക്ഷെ അമ്മൂമ്മ എനിക്ക് പകർന്നു തന്ന പ്രോത്സാഹനം അന്ന് തൊട്ടേ കവിതകൾക്കു പ്രചോദനം ആയിരുന്നു.

എന്റെ അമ്മയെക്കാളും എന്റെ ഭർത്താവിന്റെ അമ്മയിൽ നിന്നും ആണ് എനിക്ക് സ്നേഹം കിട്ടിയിട്ടുള്ളത്. അതോടൊപ്പം തന്നെ എന്നെ വി.കെ.എൻ എന്ന എഴുത്തുകാരനെ പരിചയപ്പെടുത്തി തരുന്നത് എന്റെ ഭർത്താവിന്റെ അച്ഛൻ ആയിരുന്നു. വി.കെ. സാറിന്റെ സാഹിത്യം 'high brow satire' എന്നാണല്ലോ വിശേഷിപ്പിക്കാറ്. അതോടൊപ്പം തന്നെ എടുത്തു പറയേണ്ട ഒരു കാര്യം, എന്റെ ഭർത്താവും, അനിയത്തി ബിനിയും, അനിയത്തിയുടെ ഭർത്താവു ബിനുവും ആണ് എന്റെ ഏറ്റവും വലിയ പ്രചോദനം, വിമർശകർ, പിന്തുണക്കുന്നവർ. അവരുടെ വിമർശനങ്ങൾ അംഗീകരിക്കാൻ നോക്കാറുണ്ട്, പക്ഷെ എന്റെ പരിമിതികൾക്കുള്ളിൽ നിന്നും. എന്റെ കുടുംബം മുഴുവനും എനിക്കു പ്രചോദനവും പ്രോത്സാഹനവും തന്നു കൊണ്ടേ ഇരിക്കുന്നു.

ശാലിനി: പെണ്ണെഴുത്ത് എന്ന ഉപവിഭാഗത്തിൽ ഉൾപ്പെടാൻ താല്പര്യം ഉണ്ടോ? എന്താണ് പെണ്ണെഴുത്തിനെക്കുറിച്ചുള്ള അഭിപ്രായം?

ബിന്ദു: അങ്ങനെ ഒരു വിഭാഗത്തിന്റെ ആവശ്യം ഉണ്ടോ എന്ന് അറിയില്ല. നമ്മൾ എന്തു കൊണ്ട് 'ആണെഴുത്ത്' എന്ന് വിശേഷിപ്പിക്കുന്നില്ല? ഞാൻ എഴുതുമ്പോൾ ഒരു പെണ്ണ് ആയിട്ടു മാത്രം അല്ല എഴുതാറ്. ഞാൻ എന്ന വ്യക്തിത്വം ആണ് എഴുതാറ്. പിന്നെ എന്റെ കുടുംബക്കാർ എന്നെ ഇതുവരെ വേറെ ഒരു പെണ്ണായി കണ്ടിട്ടില്ല. എന്റെ ചുറ്റും ഉള്ള ആണുങ്ങൾ എന്റെ അച്ഛൻ, ഭർത്താവ്, അമ്മാവന്മാർ, അനിയന്മാർ, എല്ലാവരും എന്നെ അത്രത്തോളം പിന്തുണച്ചിട്ടേയുള്ളൂ. പെണ്ണുങ്ങളുടെ പ്രശ്നങ്ങൾ ആയിട്ട് ഒന്നും അങ്ങനെ എഴുതാൻ ശ്രമിച്ചിട്ടില്ല.

ശാലിനി: ഇങ്ങനത്തെ ഒരു സാമൂഹ്യ പ്രതിബദ്ധത ഉള്ള കാര്യങ്ങൾ എന്തെങ്കിലും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ബിന്ദു: നമ്മൾ അമേരിക്കക്കാരെക്കുറിച്ച് ഒരു കാര്യം പറയാൻ ശ്രമിച്ചിട്ടുണ്ട്. നാട്ടിൽ പൊതുവെ അമേരിക്കക്കാരെക്കുറിച്ച് ഒരു മുൻവിധി, ഒരു വിമുഖത കണ്ടു വരാറുണ്ട്. അവർക്കു ജാഡ ആണ്, അവർക്കു പൈസയുടെ ധിക്കാരം ആണ്, അവർക്ക് നാടിനോടും, ഭാഷയോടും സ്നേഹം ഇല്ല, അവർ TISSUES ഉപയോഗിക്കുന്ന വർഗം ആണ് എന്നൊക്കെ. അവരുടെ വിചാരം നമ്മൾ അമേരിക്കക്കാർക്ക് എല്ലാം എളുപ്പത്തിൽ കിട്ടുന്നു എന്ന്. പക്ഷെ ഇവിടെ വന്നാൽ അല്ലെ അറിയൂ ഒരു മലയാളി എത്ര കഷ്ടപ്പെട്ടു പണിയെടുത്തിട്ടാണ് ജീവിക്കുന്നത് എന്ന്. ഈ പറയുന്ന ആളുകൾക്ക് ഒരു ഡോളർ കൊടുത്താൽ ഈ ഭാവം ഒക്കെ മാറും. ഡോളറിന്റെ മുകളിൽ പറുന്തും പറക്കില്ല എന്ന് തോന്നിപോകും. ഈ ഒരു മനോഭാവത്തെ കുറിച്ച് ഒന്ന് സൂചിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്.

ശാലിനി: വളർന്നുവരുന്ന എഴുത്തുകാരോട് വേറെ എന്താണ് ചേച്ചിക്ക് പറയാൻ ഉള്ളത്? എങ്ങനെയാണ് ഒരു രചനാശൈലി കണ്ടെടുക്കേണ്ടത്?

ബിന്ദു: നമുക്ക് ഏറ്റവും ലളിതമായ രീതിയിൽ എഴുതാൻ സാധിക്കണം. Do not try to imitate anybody! പിന്നെ നമ്മൾ എഴുതിയത് സ്വയം ഇഷ്ടം ആകണം. നമുക്ക് സ്വയം വീണ്ടും വീണ്ടും വായിക്കാൻ തോന്നിയാൽ മാത്രമേ അത് പ്രസിദ്ധീകരിക്കാൻ പറ്റൂ. അതിലും ഉപരി Be yourself !! എന്നാലേ ഒരു തനതായ ശൈലി ആവിഷ്ക്കരിക്കാൻ സാധിക്കൂ.

ശാലിനി: അടുത്ത സംരംഭങ്ങൾ എന്തൊക്കെ?

ബിന്ദു: എന്റെ പുസ്തകത്തിൽ 'ബൈക്കിൽ ചുറ്റിയ വണ്ടി' എന്ന കഥയാണ് എന്റെ പ്രിയപ്പെട്ട രചന. അതിനു ഒരു sequence എഴുതാൻ ഉള്ള ശ്രമമാണ്. പിന്നെ ആനുകാലിക സംഭവങ്ങളെക്കുറിച്ച് എഴുതാൻ വളരെ ഇഷ്ടമാണ്. മനസ്സ് മുഴുവനും കഥകളും കവിതകളും നിറഞ്ഞു നില്ക്കുന്നു. എഴുതണം....സമയം കണ്ടെത്തണം!

ശാലിനി: ഇനിയും ഇനിയും ചേച്ചിയുടെ തൂലികയിൽ നിന്നും കുറെ ഏറെ കവിതകളും കഥകളും ജനിക്കട്ടെ എന്ന് ആശംസിക്കുന്നു. നമസ്കാരം!

ബിന്ദു: അങ്ങനെ ആവട്ടെ എന്ന് ഞാനും ആഗ്രഹിക്കുന്നു. നന്ദി, നമസ്കാരം!

ജീവിതചക്രം

അനിതാ പണിക്കർ

ഇലമഞ്ഞക്കാട്ടിൽ മലപോലെ ഇലകൾ
ഇലപൊഴിയുമ്പോൾ മലപെരുകുന്നു
ഇലമലയിൽ കുത്തിമറിയും കുസൃതിക്കിടാങ്ങൾ
കലികയറിയ കാറ്റോ, മലയെ നിലമാക്കാൻ
ഇല മലയാക്കാൻ കുസൃതിക്കിടാങ്ങളും
ഇലപൊഴിയുമ്പോൾ മലപെരുകുന്നു
മലപെരുകുമ്പോൾ മരംതേങ്ങുന്നു
ഇല വിങ്ങുന്നു, നിറം കരയുന്നു
ഇല, മര, നിറ ക്കണ്ണീർ,
ഇടനെഞ്ചിൽ ചേർത്തൊരുങ്ങുന്നു, നീ, വീണ്ടും
ഇവിടൊരു പുതുസൃഷ്ടിക്കായി
ഇലകൾ! നമ്മളാം വെറും ഇലകൾ!

Book with Jaya Travel and find affordable airfare.

Travel from Detroit to Thiruvananthapuram, Kochi and all throughout India.

Call Jaya to book today!

1-877-359-5292 | WWW.JAYATRAVEL.COM

Before you travel the world, call Jaya Travel!

JAYA
TRAVEL & TOURS

തൊള്ളായിരത്തി ഒന്നാമത്തെ പീഡനവും ഗണപതിയുടെ മോണോഗമിയും



ജയിംസ് കുരീക്കാട്ടിൽ

ഇതെന്നാ ഏർപ്പാടാണെന്നാ എനിക്ക് മനസ്സിലാകാത്തെ?ചെറിയാൻ മീശ വകഞ്ഞു മാറ്റി ഗ്ലെൻലിവറ്റ് ഒരു കവിൾ കൂടി അകത്താക്കിക്കൊണ്ട് ഉച്ചത്തിൽ ചോദിച്ചു. ഒരു സ്ത്രീയും പുരുഷനും തമ്മിൽ വർഷങ്ങളായിട്ടുള്ള സൗഹൃദമാണ്. പോലീസ് തന്നെ പറയുന്നത് അവരുടെ ഇടയിൽ തൊള്ളായിരം തവണ ഇടപാടുകൾ നടന്നിട്ടുണ്ടെന്ന്. ഫോൺ വഴിയോ വഴിവിട്ടതോ ഏത് തരത്തിലുള്ള ബന്ധവുമായിക്കോട്ടെ അത്രയും സൗഹൃദത്തിലായിരുന്നവർ മറ്റെന്തെങ്കിലും കാരണത്തിന് പിണങ്ങാനിടയായാൽ ഉടനെ പീഡിപ്പിച്ചെന്ന് പറഞ്ഞാണോ പുരുഷനെതിരെ കേസ് കൊടുക്കുന്നത്? അതും എം.എൽ.എ ആയിരിക്കുന്ന ഒരാൾക്കെതിരെ? സ്ത്രീകൾക്കനുകൂലമായി നമ്മൾ ചില നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നത് അവരുടെ സുരക്ഷയ്ക്ക് വേണ്ടിയാണ് അല്ലാതെ ആരോടെങ്കിലും കണക്ക് തീർക്കാൻ ദുരുപയോഗം ചെയ്യാനല്ല. ഇതിപ്പം എന്റെ പാർട്ടിക്കാരൻ എം.എൽ.എ ഉൾപ്പെട്ട കേസ്സായത് കൊണ്ടൊന്നുമല്ല. പാർട്ടിയും മതവുമൊക്കെ ഏതും ആയിക്കോട്ടെ! തോന്ന്യവാസം ചെയ്യാൻ കൂട്ട് നിന്നിട്ട് പിന്നെ പീഡനമെന്ന് പറയുന്നത് ശരിയല്ലെന്നുള്ളതാണ് എന്റെ നിലപാട്.

ചെറിയാന്റെ നിലപാടിനോടൊക്കെ ഞാനും യോജിക്കുന്നു. ഈപ്പൻ ഇടപെട്ടു. പക്ഷേ ഇതേ അഭിപ്രായമായിരുന്നില്ലല്ലോ, തൃശൂർ വെറും ഒരു മുൻസിപ്പൽ കൗൺസിലർ മാത്രമായിരുന്ന ഞങ്ങളുടെ ഒരു ലോക്കൽ നേതാവിനെതിരെ പീഡനകേസ്സ് ഉണ്ടായപ്പോൾ. അന്ന് നിങ്ങളുടെ യൂത്തന്മാർ വലിയ ജാഥയൊക്കെ നടത്തിയിരുന്നല്ലോ! ഓർക്കുന്നില്ലേ? ഡബ്ബിങ്ങ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മിയൊക്കെ ഏറ്റു പിടിച്ച കേസ്സ്? ആ സ്ത്രീയുടെ ഭർത്താവിനെ വരെ മുഖം ഒക്കെ മൂടി കൊണ്ടുവന്നിരുത്തി പത്രസമ്മേളനമൊക്കെ നടത്തിയ സംഭവം. പിന്നീടെന്തുണ്ടായി? മൂന്ന് പേർ ചേർന്ന് പീഡിപ്പിച്ചെന്ന് പറഞ്ഞ മൂന്ന് പേരിലൊരുത്തന്റെ കല്യാണത്തിന് പീഡനം കഴിഞ്ഞതിന്റെ ആറാം മാസം ആ സ്ത്രീ പങ്കെടുക്കുന്ന വീഡിയോയും നമ്മൾ കണ്ടു! ഇല്ലേ?

അതല്ലേലും ശരിയാ ലൂക്കാച്ചനും ചർച്ചയിൽ പങ്കു ചേർന്നു. മുമ്പ് വേറൊരു എം.എൽ.എയെ കുടുക്കിയതും ഇതുപോലെ അല്ലായിരുന്നോ? ഒരു പെണ്ണ് സ്വയം മുറിയിൽ ക്യാമറയെല്ലാം വച്ചിട്ട് എം.എൽ.എയുമായിട്ട് വേണ്ടാതീനം ചെയ്യുന്നു. എന്നിട്ട് അവളും പീഡിപ്പിച്ചെന്ന് പറഞ്ഞ് കേസ്സ് കൊടുക്കുന്നു.

> ഏതെങ്കിലും പ്രലോഭനങ്ങൾക്ക് മുമ്പിൽ, അതായത് വിവാഹം ചെയ്യാമെന്നോ, ജോലിയിൽ പ്രമോഷൻ തരാമെന്നോ, അതു പോലെയുള്ള ഏതെങ്കിലും നേട്ടങ്ങൾക്ക് വേണ്ടി ഒരു സ്ത്രീ വഴങ്ങിക്കൊടുത്താൽ അത് ആ സ്ത്രീയുടെ വ്യക്തിത്വമില്ലായ്മയായി മാത്രമേ എനിക്ക് കാണാൻ കഴിയൂ. ഒരു ലൈംഗിക തൊഴിലാളിയുടേതിന് സമാനമായ കാര്യം തന്നെയാണ് അവരും ചെയ്യുന്നത്.

നിങ്ങള് സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കുമൊക്കെ വേണ്ടി സ്ഥിരം എഴുതുന്ന ആണുങ്ങളുടെ ഇടയിലെ Male Feminists ഒക്കെ അല്ലേ? ഇതിനെയും നിങ്ങൾ സപ്പോർട്ട് ചെയ്യുന്നുണ്ടോ?

എല്ലാം കേട്ടു കൊണ്ടിരുന്ന ചാക്കോച്ചന്, ലൂക്കോയുടെ Male ഫെമിനിസ്റ്റ് എന്ന പ്രയോഗം രസിച്ചു.

എടോ ലൂക്കോ, ഞാൻ ഫെമിനിസമെന്നല്ല, ഒരു ഇസത്തെയും അന്ധമായി സപ്പോർട്ട് ചെയ്യുന്ന ആളല്ല. നിങ്ങൾ ചോദിച്ചില്ലേ, തൊള്ളായിരം തവണ ഇടപാട് നടത്തിയിട്ടുള്ള കേസ് എങ്ങനെ പീഡനമാകും എന്ന്. തൊള്ളായിരം തവണ നിങ്ങൾ ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും തൊള്ളായിരത്തി ഒന്നാമത്തെ തവണ ഒരു പെണ്ണിന്റെ ശരീരത്തിൽ നിങ്ങൾ തൊടുന്നത് അവളുടെ അനുവാദത്തോടെയല്ലായെങ്കിൽ അത് പീഡനം തന്നെയാണ്. അതിപ്പം നിങ്ങളുടെ ഭാര്യയെ ആയാലും ഇനി ഒരു ലൈംഗിക തൊഴിലാളിയെ ആയാൽ പോലും. ഇവിടെ അമേരിക്കയിലെ സ്ത്രീ പീഡനകേസുകളിൽ പകുതിയും ഭാര്യമാർ ഭർത്താക്കന്മാർക്കെതിരെ കൊടുക്കുന്നതാണെന്ന് നിങ്ങൾക്കറിയാമല്ലോ? ആരും മറ്റൊരാളുടെ ഉടമയോ അവകാശിയോ ഒന്നുമല്ല. അതു കൊണ്ടാണ് മാതാപിതാക്കൾ സ്വന്തം മക്കളെ തല്ലുന്നത് പോലും നിയമപരമായി ഈ നാട്ടിൽ ശിക്ഷാർഹമായ കുറ്റമായിരിക്കുന്നത്.

അങ്ങനെയാണെങ്കിൽ ഞാനൊന്ന് ചോദിച്ചോട്ടേ. ഗോപൻ ഗണപതി ഒരു ചോദ്യവുമായി എഴുന്നേൽക്കാൻ ശ്രമിച്ചെങ്കിലും, കാല് നിലത്തുറയ്ക്കാത്തതിനാൽ ചോദ്യം ഇരുന്നു കൊണ്ടാക്കി.

ഇക്കഴിഞ്ഞ ദിവസം മറ്റൊരു വാർത്ത കൂടി വന്നിരുന്നല്ലോ, ഒരു പത്രത്തിലെ

Carewell Pharmacy

41940 Hayes Road, Clinton Township, MI 48038

Tel: (586) 221-2829

www.cwpharmacy.com

email:care@cwpharmacy.com

WHY COME TO US!!!!

- One stop shop for all your pharmacy needs including compounding and customized packaging
- No waiting, and know by name service in a customer friendly environment
- Free Delivery at your door step (restriction apply)
- Free customized packaging (weekly / monthly) for needy and elderly customers
- Free medication review
- We accept all insurance plans and workers compensation

*not applicable to any govt sponsored insurances
* Restrictions apply

- No Insurance - No Problem!!! We price match !!
- Flu shots available
- Free diabetic screening
- Free medication consultation
- Transferring your prescriptions to us is easy
- Friendly and courteous staff
- Free blood pressure screening
- Automatic refill reminders, texting when prescriptions are ready
- We Compound
- Over the counter medications
- Free educational Seminars

ന്യൂസ് എഡിറ്റർ ആയിരിക്കുന്ന ആൾ കൂടെ ജോലി ചെയ്യുന്ന സഹപ്രവർത്തകയെ വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ചെന്ന്? അതെങ്ങനെ പീഡനമാകും? ഇവിടെയാ പെൺകുട്ടിയുടെ അനുവാദത്തോടും സമ്മതത്തോടും കൂടി നടന്ന ബന്ധമല്ലേ? പിന്നീട് അയാൾ വാക്കു പാലിച്ചില്ലെന്ന് കരുതി ഉഭയസമ്മതത്തോടെ നടന്ന ഒരു ബന്ധത്തെ പീഡനമെന്ന് പറഞ്ഞു കേസു കൊടുക്കുന്നത് ശരിയാണോ ചാക്കോച്ചാ?

ശരിയല്ല. ആ കേസിനെ വിശ്വാസവഞ്ചനയെന്നേ പറയാൻ പറ്റൂ. വേണമെങ്കിൽ വിശ്വാസവഞ്ചനയ്ക്ക് കേസ് എടുക്കാം. ഇവിടെ ഒരു കാര്യം എടുത്തു പറയേണ്ടത്, ഏതെങ്കിലും പ്രലോഭനങ്ങൾക്ക് മുമ്പിൽ, അതായത് വിവാഹം ചെയ്യാമെന്നോ, സിനിമയിൽ അവസരം തരാമെന്നോ, ജോലിയിൽ പ്രമോഷൻ തരാമെന്നോ, അതു പോലെയുള്ള ഏതെങ്കിലും നേട്ടങ്ങൾക്ക് വേണ്ടി ഒരു സ്ത്രീ വഴങ്ങിക്കൊടുത്താൽ അത് ആ സ്ത്രീയുടെ വ്യക്തിത്വമില്ലായ്മയായി മാത്രമേ എനിക്ക് കാണാൻ കഴിയൂ. ഒരു ലൈംഗിക തൊഴിലാളിയുടേതിന് സമാനമായ കാര്യം തന്നെയാണ് അവരും ചെയ്യുന്നത്. ഒരു നേട്ടത്തിനോ പ്രതിഫലനത്തിനോ വേണ്ടി അവർ അവരുടെ ശരീരം ഉപയോഗിക്കുകയാണ് അവിടെ. ശാരീരിക ബന്ധങ്ങൾ, അതെ വിവാഹത്തിന് മുമ്പായാലും ശേഷമായാലും, സ്വന്തം അനുഭൂതികൾക്ക് വേണ്ടിയാവണം.

വിവാഹത്തിന് മുമ്പുള്ള ശാരീരിക ബന്ധമോ? ചാക്കോച്ചന്റെ അവസാനത്തെ ഡയലോഗ് കേട്ട ആലീസ് അന്ധാളിച്ചു പോയി. അതൊക്കെ നമ്മുടെ സംസ്കാരത്തിന് എതിരല്ലേ ചാക്കോച്ചാ?

എന്താണ് ആലീസേ നമ്മുടെ ഈ മഹത്തായ സംസ്കാരം...? വിവാഹം കഴിക്കാതെ ആണുങ്ങൾ നാട് നീളെ സംബന്ധവുമായി നടന്ന സംസ്കാരം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു.

ഉത്തരേന്ത്യയിൽ അല്ല, നമ്മുടെ കേരളത്തിലെ കാര്യമാ പറയുന്നേ. വിവാഹം കഴിച്ച, ഭർത്താവുള്ള പെണ്ണുങ്ങളെ പോലും അവർ ഒഴിവാക്കിയിരുന്നില്ല. പാതിരാത്രിക്ക് സംബന്ധം കൂടാൻ ചൂട്ട് കറ്റയുമായി വരുന്നവനെ അകത്തു കയറ്റിയിട്ട് അവന്റെ ചെരിപ്പിനും ചൂട്ടുകറ്റയ്ക്കും പുറത്ത് കാവൽ നിൽക്കേണ്ടി വന്നിരുന്ന ഗതികേടുള്ള ആണുങ്ങൾ ജീവിച്ചിരുന്നത് നമ്മുടെ സമൂഹത്തിലാണ്. അല്ലാതെ അമേരിക്കയിൽ അല്ല. തലേരാത്രിയിൽ മുറ്റത്ത് കുത്തിക്കെടുത്തിയ ചൂട്ടുകറ്റകളുടെ എണ്ണമായിരുന്നു അന്നവർ അഭിമാനമായി കരുതിയിരുന്നത്. ആ സമുദായങ്ങളിൽ ഒരു സ്ത്രീക്ക് അവരുടെ ഭർത്താവിനെ ഒഴിവാക്കണമെങ്കിൽ പോലും രാവിലെ അയാളുടെ പായും തലയിണയും ചുരുട്ടി തിണ്ണയിൽ കൊണ്ട് വയ്ക്കേണ്ട കാര്യമേ ഉണ്ടായിരുന്നുള്ളൂ. അത് കണ്ടാൽ ഒഴിവായി പോയിരിക്കണമെന്നതായിരുന്നു നിയമം. ഡിവോഴ്സ് പോലും അത്ര സിംപിളായിരുന്നു. ഇന്ന് സ്വന്തം ജാതിയുടെയും മതത്തിന്റെയും പേര് പറഞ്ഞ് അഭിമാനിക്കുന്ന പലരുടെയും ഒരു തലമുറ മുമ്പുണ്ടായിരുന്ന ആണുങ്ങൾക്ക് സഹിക്കേണ്ടി വന്ന ഗതികേട് നമ്മുടെ നാട്ടിലല്ലാതെ ലോകത്തിൽ വേറൊരിടത്തും ആണുങ്ങൾക്ക് സഹിക്കേണ്ടി വന്നിട്ടുണ്ടാകില്ല. എന്നിട്ടും നമ്മൾ പറയുന്നു, നമ്മുടേതാണ് മഹത്തായ സംസ്കാരമെന്ന്.

പണ്ട് ഇങ്ങനെയൊക്കെ നമ്മുടെ നാട്ടിൽ സംഭവിച്ചിട്ടുണ്ടാകാം. ആലീസ് വിട്ടുകൊടുക്കാൻ ഭാവമില്ല. അവിടെനിന്നൊക്കെ നമ്മൾ ഒത്തിരി പുരോഗമിച്ചില്ലേ. ഒത്തിരി civilized ആയില്ലേ. സ്വാതന്ത്ര്യം ഇത്തിരി കുറഞ്ഞാലും നമ്മുടെ നാട്ടിൽ ഉള്ളതുപോലെ സ്ത്രീപുരുഷ ബന്ധങ്ങളിൽ കുറച്ചു നിയന്ത്രണങ്ങൾ ഒക്കെ ഉള്ളത് തന്നെയാണ് നല്ലതെന്നാണ് ഞാൻ കരുതുന്നത്. അല്ലാതെ ഇവിടെ അമേരിക്കയിലെ പോലെ പതിനെട്ട് വയസ്സാകുമ്പോ തുടങ്ങുന്ന ഡേറ്റിംഗും, പെമ്പിള്ളാര് പാതിരാത്രിക്ക് വീട്ടിൽ കയറി വരുന്നതും ഇവരുടെ ലിവിങ് ടുഗെതർ ഒന്നും എനിക്ക് അങ്ങോട്ട് ഉൾകൊള്ളാൻ കഴിയുന്നില്ല.

ഇത് ഉൾകൊള്ളാൻ കഴിയാത്തതാണ് ആലീസേ ഈ നാട്ടിൽ ജീവിക്കുന്ന നമ്മൾ ഇന്ത്യക്കാർ നേരിടുന്ന ഏറ്റവും വലിയൊരു വെല്ലുവിളി. ഇവിടെ വളരുന്ന നമ്മുടെ മക്കൾ അവരുടെ കൂട്ടുകാരുടെ ജീവിത രീതി കണ്ടാണ് വളരുന്നത്. അവരുടെ കൂട്ടുകാർ അനുഭവിക്കുന്ന സ്വാതന്ത്ര്യം നമ്മൾ നമ്മുടെ കുട്ടികൾക്ക് നിഷേധിക്കുമ്പോൾ അവർക്കുണ്ടാകുന്ന frustration നമ്മുടെ എത്രയോ കുടുംബങ്ങളിലാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നതെന്നറിയാമോ?

എന്ന് വച്ച് ചാക്കോച്ചൻ എന്നതാ ഈ പറയുന്നത്? ഇവിടുത്തെകാരെപോലെ നമ്മുടെ മക്കളെയും കയറൂരി വിടണമെന്നോ? കല്യാണം കഴിക്കാതെ തന്നെ അവരെ ലീവിംഗ് ടുഗെതറിനു അനുവദിക്കണമെന്നോ? വിവാഹം കഴിയാതെ, ഒരു കമ്മിറ്റ്മെന്റും ഇല്ലാതെ ലിവിങ് ടുഗെതർ എന്ന പേരിൽ കൂടെ ജീവിക്കുന്നയാളെ എപ്പോൾ വേണമെങ്കിലും ഒഴിവാക്കി പുതിയ ആളെ തേടി പോകുന്ന ഇവരുടെ രീതികൾ മൃഗസമാനമായ ജീവിതമെന്നേ ഞാൻ പറയൂ.... അത്തരം പ്രകൃതി വിരുദ്ധ ഇടപാടുകൾക്ക് കൂട്ട് നിൽക്കാൻ എന്നെ കിട്ടില്ല...!

നമ്മുടെ മക്കളെ കയറൂരി വിടണമെന്നല്ല, ഈ സമൂഹത്തിൽ ജീവിക്കുമ്പോൾ കയറുകൊണ്ട് കെട്ടിയിടരുതെന്ന് ഓർമ്മിപ്പിക്കുകയാണ് ചെയ്തത്.

പിന്നെ ആലീസ് പറഞ്ഞില്ലേ, വിവാഹം ചെയ്യാതെയുള്ള ലിവിങ് ടുഗെതർ മൃഗ സമാനമെന്നും പ്രകൃതി വിരുദ്ധമെന്നുമൊക്കെ. സത്യത്തിൽ വിവാഹമാണ് പ്രകൃതി വിരുദ്ധമെന്ന് പഠനങ്ങൾ തെളിയിക്കുന്നത്. ഭൂമിയിലുള്ള ജീവിവർഗ്ഗങ്ങളിൽ മനുഷ്യരടക്കമുള്ള മഹാഭൂരിപക്ഷം ജീവിവർഗ്ഗങ്ങളും, polygamous ആണെന്നാണ് ഒട്ടുമുക്കാലും ശാസ്ത്രീയ പഠനങ്ങളും പറയുന്നത്. നിങ്ങൾ David P Barash ന്റെ Myth of monogamy എന്ന പുസ്തകം വായിച്ചിട്ടുണ്ടോ? അതുപോലെ ഈ വിഷയത്തെക്കുറിച്ച് എഴുതിയിട്ടുള്ള മറ്റൊരു പുസ്തകമാണ് Christopher Ryan ന്റെ Sex at dawn: The prehistoric origins of Modern sexualtiy. ഈ രണ്ടു പഠനങ്ങളിലും അവർ വ്യക്തമാക്കുന്നത് Men are by their very nature, wired to be polygamous എന്നാണ്. അതുപോലെ തന്നെ ഇവിടെ അമേരിക്കയിൽ നടന്ന ഒരു പഠനമാണ് Alfred Kinsey യും അദ്ദേഹത്തിന്റെ രണ്ട് സഹപ്രവർത്തകരും ചേർന്ന് നടത്തിയ Kinsey Report ആ പഠനത്തെ ആസ്പദമാക്കി അവർ രണ്ട് ബുക്കുകൾ എഴുതി. Sexual Behaviour in the human male and Sexual Behaviour in the human female. മനുഷ്യരുടെ ഇടയിലെ Homo Sexuality

ആണ് അവർ പ്രധാന പഠനവിഷയമാക്കിയതെങ്കിലും പൊതുവായി അവർ വിശകലനം ചെയ്തിരിക്കുന്നത് Human Sexual Behaviour ആണ്. ചാക്കോച്ചൻ ഉടനെയൊന്നും നിർത്താൻ ഉദ്ദേശമില്ല എന്ന് കണ്ടപ്പോൾ സാം മത്തായി ഇടപെട്ടു.

നിങ്ങളീ പറഞ്ഞ പുസ്തകങ്ങളൊന്നും അത്ര ആധികാരികമായ പഠനങ്ങളാണ് എന്ന് ഞാൻ കരുതുന്നില്ല. മാത്രമല്ല മൃഗങ്ങളിൽ പോലും എത്രയോ ജീവികൾ മോണോഗാമസ് ആണെന്ന് അറിയാമോ. ഉദാഹരണത്തിന് ഇവിടെ അമേരിക്കയിൽ തന്നെ കാണപ്പെടുന്ന എലിവർഗ്ഗത്തിൽ പെട്ട പ്രയറി വോളുകൾ (prairie vole). അവ ഒരിക്കലും ഇണ പിരിയാറില്ല എന്ന് മാത്രമല്ല ഇണകളിൽ ഒന്ന് മരണപ്പെട്ടാൽ പോലും ജീവിച്ചിരിക്കുന്ന ഇണ പിന്നീടൊരിക്കലും മറ്റൊരു പ്രയറി വോളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടാറില്ല. എലികൾക്ക് വരെയുള്ള ഈ ധാർമ്മികതയെങ്കിലും മനുഷ്യർക്ക് വേണ്ടേയെന്നതാണ് എന്റെ ചോദ്യം.

മത്തായി, ഈ എലികള് ബൈബിൾ വായിച്ചിട്ടോ ആറാം പ്രമാണം പഠിച്ചിട്ടോ ഉണ്ടായ ധാർമ്മികതയൊന്നുമല്ല അത്. പ്രയറി വോളുകളെക്കുറിച്ച് ഞാനും വായിച്ചിട്ടുണ്ട്. ഒരിണ മാത്രമായി അവർ ജീവിക്കുന്നത് അവരുടെ ജൈവപരമായ ഒരു സവിശേഷത മാത്രമാണ്. അവ ആദ്യമായി ഒരു ഇണയുമായി ബന്ധപ്പെടുമ്പോൾ അവയുടെ തലച്ചോറിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഡോപ്പാമിൻ അവയ്ക്ക് നൽകുന്ന ഉത്തേജനവും സന്തോഷവും സംതൃപ്തിയും ഒരു reward system പോലെ അവയുടെ തലച്ചോറിൽ കോഡ് ചെയ്യപ്പെടുകയാണ്. ആ അനുഭവം മറ്റൊരു ഇണയെ കാണുമ്പോൾ ഉണ്ടാകാത്തതാണ്. ഇണ മരിച്ചാലും പുതിയ ഇണയുമായി ബന്ധമുണ്ടാക്കുന്നതിൽ നിന്ന് അവയെ തടയുന്നത്.

അല്ല ചാക്കോച്ചാ ഈ ഡോപ്പാമിൻ നമ്മൾ മനുഷ്യരുടെ തലച്ചോറിലും ഉത്പാദിപ്പിക്കപ്പെടുന്ന ഹോർമോൺ അല്ലെ? ഗണപതിയാണ് സംശയം ഉന്നയിച്ചത്. എന്നിട്ടെന്താ ഭാര്യയെ കാണുമ്പോൾ മാത്രം നമ്മൾ ആണുങ്ങൾക്ക് ഡോപ്പാമിൻ ഒട്ടും ഉണ്ടാകാത്തതും വേറെ ഏത് പെണ്ണുങ്ങളെ കാണുമ്പോളും നമ്മുടെ ഉള്ളിൽ ഇത് കണ്ടമാനം ഉത്പാദിപ്പിക്കപ്പെടുന്നതും....

അതിന്റെ കാരണം വേറൊന്നുമല്ല ഗണപതി, നമ്മുടെ തലച്ചോറിൽ ഡോപ്പാമിന്റെ ഉത്പാദനവും അതിന്റെ പ്രവർത്തനവുമൊക്കെ നടക്കുന്നത് മൃഗങ്ങളിലേതിൽ നിന്നും വ്യത്യസ്തമായാണ്. ഞാൻ മുമ്പ് പരാമർശിച്ച പഠനങ്ങളിൽ എല്ലാം എടുത്ത് പറയുന്ന ഒരു കാര്യം പോളിഗാമസ് ആയിരുന്ന മനുഷ്യർ മോണോഗാമസ് ആയി മാറാൻ നിർബന്ധിക്കപ്പെടുകയായിരുന്നു. മനുഷ്യൻ കൃഷി ചെയ്യാൻ ആരംഭിക്കുകയും, അതിനായി ഒരിടത്തു സ്ഥിരതാമസമാക്കുകയും സ്വകാര്യ സ്വത്ത് സമ്പാദിക്കാൻ ആരംഭിക്കുകയുമൊക്കെ ചെയ്യാൻ തുടങ്ങിയതോടു കൂടി സ്ത്രീ പുരുഷ ബന്ധങ്ങളിലും കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നതിനുമെല്ലാം ചില നിയമങ്ങളും സാമൂഹിക ഘടനയും അനിവാര്യമായി വന്നു. അങ്ങനെ നിലവിൽ വന്ന പ്രകൃതിവിരുദ്ധ ഏർപ്പാടാണ് ഈ വിവാഹം. ലോകത്തിലിന്ന് ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുള്ള ഒരു പ്രമുഖമതം പോലും പോലും അവരുടെ ഇടയിൽ പൊളിഗാമി ഇന്നും അനുവദിച്ചിരിക്കുന്നത് ഒരു പക്ഷെ ഇക്കാരണങ്ങൾ കൊണ്ട് തന്നെയാവാം. ഞാൻ അതിനെ ന്യായീകരിക്കുകയല്ല, കേട്ടോ.

ഇനി ഈ നാട്ടിലുള്ള ഡിവോഴ്സിന്റെയും റീമാരിയേജിന്റെയും ഒക്കെ നിരത്തി നോക്കൂ... ഉദാഹരണത്തിന് നമ്മുടെ പ്രസിഡന്റിനെ തന്നെയെടുക്കാം. അയാളുടെ മൂന്നാമത്തെ ഭാര്യയാണ് ഇപ്പോൾ കൂടെയുള്ളത്. ഓരോ തവണയും ഒന്നിനെ ഒഴിവാക്കുമ്പോൾ പ്രായം കുറഞ്ഞ വേറൊന്നിനെ കെട്ടും. ഇപ്പോഴുള്ള ഭാര്യയ്ക്ക് അയാളുടെ പകുതി പ്രായം മാത്രമേയുള്ളൂ. മറ്റൊരു തരത്തിലുള്ള സീരിയൽ പോളിഗാമി തന്നെയാണതും. അയാൾക്ക് പണമുള്ളതു കൊണ്ട് അയാൾ കൂടെ കൂടെ കെട്ടുന്നു... കൂക്കെ ൂടെ ഒഴിവാക്കുന്നു. അതില്ലാത്തവരും സമൂഹത്തെ ഭയമുള്ളവരുമൊക്കെ മറ്റ് വഴികൾ തേടുന്നു എന്ന് മാത്രം. ഇത്രയുമൊക്കെ ഞാൻ പറഞ്ഞത് മനുഷ്യൻ അടിസ്ഥാനപരമായ പോളിഗാമസ് ആണ് എന്നത് നമുക്ക് അത്ര എളുപ്പത്തിൽ ഉൾക്കൊള്ളാൻ കഴിയില്ലെങ്കിലും ഒരു യാഥാർത്ഥ്യമാണെന്ന് ഓർമ്മിപ്പിക്കാൻ വേണ്ടി മാത്രമാണ്.

അതുകൊണ്ട് തന്നെ നമ്മൾ എത്ര വിദ്യാഭ്യാസം നേടിയാലും സംസ്കാരസമ്പന്നരെന്ന് അഭിമാനിച്ചാലും മനുഷ്യരുള്ളിടത്തോളം കാലം അവിഹിതബന്ധങ്ങളുടെയും പീഡനങ്ങളുടെയും കഥകൾ നമ്മൾ കേട്ടു കൊണ്ടിരിക്കും.... എന്ന് കരുതി നമ്മുടെ ദാമ്പത്യജീവിതത്തിൽ നിയന്ത്രണങ്ങളും അച്ചടക്കവും വേണ്ടെന്നല്ല. അച്ചടക്കം എത്രമാത്രം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്നുവോ അത്രമാത്രം പ്രശ്നരഹിതമായിരിക്കും നമ്മുടെ ജീവിതം.

അപ്പൊ ചാക്കോച്ചൻ പറയുന്നതനുസരിച്ച് അതായത് മനുഷ്യർ പോളിഗാമസ് ആയത് കൊണ്ട്, വല്ലപ്പോഴുമൊക്കെ ഒന്ന് സ്ട്രിപ്പ് ക്ലബിൽ പോകുന്നതൊന്നും അത്ര പ്രകൃതി വിരുദ്ധമല്ല അല്ലെ? ഗണപതിയുടെ ചോദ്യത്തിന് ഒരു ചെറിയ ചിരിയോടെ ചാക്കോച്ചൻ മറുപടി പറഞ്ഞു.

ഗണപതി, നിങ്ങളുടെ ആ ചോദ്യത്തിനുള്ള ഉത്തരം നിങ്ങളുടെ പുറകിൽ നിൽക്കുന്ന ആൾ തരും. അതാരെന്ന് അറിയാൻ ഗണപതി തിരിഞ്ഞു നോക്കിയത് ഭാര്യ ലേഖയുടെ മുഖത്തേക്കായിരുന്നു.

അപ്പോൾ ആരോ പറയുന്നുണ്ടായിരുന്നു. ലോകത്ത് ഏതെല്ലാം ജീവികൾ പോളിഗാമസ് ആയിരുന്നാലും ഗണപതി ഇന്ന് രാത്രി മുതൽ മോണോഗാമിസ്റ്റ് ആയിരിക്കും.



നാമം..... മതം..... ജാതി....

ആർ.കെ. കണ്ണൻ

ജയകൃഷ്ണന് 25 വയസ്സുള്ളപ്പോഴാണ് അദ്ദേഹത്തിന്റെ മുറപ്പെണ്ണ് രാധയെ വിവാഹം കഴിച്ചത്. ചെറുപ്പമായതിനാൽ ഉടനെ കുട്ടികൾ വേണ്ടെന്ന് അവർ തീരുമാനിച്ചു. വിവാഹം കഴിഞ്ഞ് 2 വർഷം കഴിഞ്ഞപ്പോഴേക്കും നാട്ടുകാരും വീട്ടുകാരും ചോദിക്കുവാൻ തുടങ്ങി.... "ഡോക്ടറെ ഒന്നു കണ്ടുകൂടെ.... ഇപ്പോൾ അടുത്തുള്ള ഹോസ്പിറ്റലിൽ വന്നിരിക്കുന്ന ലേഡി ഡോക്ടർ നല്ലതാണ്. കുട്ടികളില്ലാതിരുന്ന ഒരുപാട് ദമ്പതികൾക്ക് അവരുടെ ചികിത്സയുടെ ഫലമായി കുട്ടികൾ ഉണ്ടായിട്ടുണ്ട് എന്നൊക്കെ. പക്ഷേ ഈ പറയുന്ന വീട്ടുകാർക്കോ നാട്ടുകാർക്കോ അറിയില്ലല്ലോ..." അവരുടെ പ്ലാൻ.

ഏതായാലും വീട്ടുകാരുടെ നിർബന്ധം കൊണ്ടാണോ എന്നറിയില്ല... ജയകൃഷ്ണന്റെ ഭാര്യയുടെ മനസ്സ് മാറി... അതോടെ ജയകൃഷ്ണനും. ഒരു കുട്ടിക്കുവേണ്ടിയുള്ള തയ്യാറെടുപ്പുകൾക്കായി ഇരുവരും ഒരുങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ വിധി അവർക്ക് അനുകൂലമല്ലായിരുന്നു. പത്ത് വർഷങ്ങൾക്ക് ശേഷമായിരുന്നു അവർക്ക് ഒരു കുഞ്ഞ് ഉണ്ടായത്. ആറ്റുനോറ്റുണ്ടായിരുന്ന ആ മകന് പേരിടുന്നതിന് മുൻപ് ഭാര്യയുടെ മനസ്സിൽ പേരുവല്ലതുമുണ്ടോ എന്ന് ജയകൃഷ്ണൻ ആരാഞ്ഞു.

"മോന് നമുക്ക് നമ്മെ അനുഗ്രഹിച്ച ഭഗവാന്റെ പേരിടാം"

"ഐഡിയ കൊള്ളാം"

ഏതു ഭഗവാനാണെന്ന് ജയകൃഷ്ണൻ ആലോചിച്ചു. മലമുകളിലിരിക്കുന്ന ഹിന്ദുദൈവത്തിനാണ് കൂടുതൽ നേർച്ച നേർന്നിട്ടുള്ളത്. ആ അമ്പലത്തിൽ കയറുന്നതിന് മുൻപ് ഭഗവാന്റെ മുസ്ലീം കൂട്ടുകാരന്റെ പള്ളിയിലും കാണിക്ക ഇട്ടിട്ടുണ്ട്. ഇതിനിടയിൽ പലതവണ വേളാങ്കണ്ണിപ്പള്ളിയിലും പോയിട്ടുണ്ട്. മാത്രമല്ല പഴനി, രാമേശ്വരം എന്നുവേണ്ട അമ്പലങ്ങളിലും നേർച്ചകാഴ്ചകൾ നടത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ ജീവനോടെ കാണാവുന്ന മനുഷ്യദൈവങ്ങളെയും സന്ദർശിച്ചിട്ടുണ്ട്.

ജയകൃഷ്ണൻ ആകെ മനപ്രയാസത്തിലായി. ശരിക്കുള്ള ദൈവം അമ്പലത്തിലോ... അതോ പള്ളിയിലോ... അതുമല്ലെങ്കിൽ തിരിച്ച് ഭൂമിയിൽ മനുഷ്യനായി അവതരിച്ചിട്ടുണ്ടോ?

താൻ ഇതുവരെ നേരിൽ കാണാത്ത ദൈവത്തോട് ജയകൃഷ്ണൻ പ്രാർത്ഥിച്ചു.

"ഭഗവാൻ സത്യത്തിൽ ഏതു മതക്കാരനാണ്?"

ജയകൃഷ്ണന്റെ ചോദ്യത്തിന് ഉത്തരം കിട്ടിയില്ല. എന്തുകൊണ്ടെന്നാൽ ദൈവത്തിനും ആ ചോദ്യത്തിനുള്ള ഉത്തരം അറിയില്ലായിരുന്നു.

ഏകാദശി ദിവസം താൻ ഹിന്ദു. റംസാൻ ദിനത്തിൽ മുസ്ലീം. ക്രിസ്തുമസ്സിന് ക്രിസ്ത്യാനിയും. തനിക്ക് എല്ലാ വഞ്ചിയിലും കാലുവയ്ക്കണം. വഞ്ചിക്കാർ വഴക്കിട്ട് നീന്തി അകലുമ്പോൾ താൻ വെള്ളത്തിൽ വീഴുന്നു. മനുഷ്യർ മതങ്ങളെ സൃഷ്ടിക്കുവാൻ തുടങ്ങിയ അന്ന് മുതൽ താൻ പലപ്പോഴും വെള്ളത്തിലാണ്. ജയകൃഷ്ണൻ ഭാര്യയുടെ പ്രസവം നോക്കിയ ഡോക്ടറുടെ പേര് ഓർത്തു. 'ശാന്ത', മകന് ശാന്തകുമാർ എന്ന് പേരിടാൻ അവർ തീരുമാനിച്ചു. ●

STATE FARM Auto Life Fire INSURANCE

PD State Farm Agency

Insurance & Financial Services

Auto Life Home Business

(313) 817 1000

Clients First,
REALTORS®

BUYING
OR
SELLING

CALL FOR
A FREE HOME
EVALUATION

WHEN IT COMES TO
BUYING OR SELLING HOME IT IS IMPORTANT
TO TRUST IN A REAL ESTATE AGENT
WHO CARES ABOUT YOUR NEIGHBORHOOD
AS MUCH AS YOU DO. WHEN YOU ARE READY
TO BUY OR SELL CALL ME.

AJAI J ALEX PROFESSIONAL REALTOR®
44205 Ford Rd CANTON,MI 48187
www.ajaialex.com ajaialex@hotmail.com

CELL: (248) 767-9451
OFFICE:(734) 981-2900

ഒരു വഴിയോര വീക്ഷണം

സുരേന്ദ്രൻ നായർ

ഒരു ജനസമൂഹത്തിന്റെ സംഭാവനകളെ മറക്കുന്നത് കൃതഘ്നത മാത്രമല്ല സമൂഹ ജീവിത വിധികളുടെ അജ്ഞത പ്രകടിപ്പിക്കുക കൂടിയാണ്. ഒരു രാഷ്ട്രജീവിതം ഒരു ദിവസം കൊണ്ടോ നാലു വർഷം കൊണ്ടോ മെനഞ്ഞെടുക്കുന്നതല്ല. മഹാ പുരുഷന്മാർ സമൂഹസാധനയുടെ വിഗ്രഹം പോലെയാണ്. സമാജത്തിൽ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന വിചാര വിപ്ലവത്തിന്റെ പ്രകടമായ ഉൽപ്പന്നങ്ങളാണവർ. ലോകത്തിന്റെ ചരിത്ര വഴികളിൽ സ്വന്തം കൈമുദ്രകൾ പതിപ്പിച്ച അവരുടെ അലൗകിക ശക്തിയും, സർവ്വതോമുഖ പ്രതിഭ ഒഴിവില്ലാത്ത കർമ്മം നിറഞ്ഞ ജീവിതം, എല്ലാ മേഖലയിലും നിറഞ്ഞ പ്രഭാവം – ഇതൊക്കെ കണ്ട് കണ്ണ് മഞ്ഞളിച്ച് അവയെ സൃഷ്ടിച്ച പരിസരം നാം തീരെ കാണാതെ പോകുന്നു. ജന്മം നല്കിയ സമൂഹത്തിന്റെ വിചാരം നമുക്കുണ്ടാകുന്നില്ല. അഗ്നിപർവ്വതത്തിന്റെ പൊട്ടിത്തെറി കാണുമ്പോൾ പതുക്കെപ്പതുക്കെ അരിച്ചിറങ്ങുന്ന വെള്ളത്തിന്റെ നേരെ ദൃഷ്ടി ചെല്ലുന്നില്ല. വിടർന്നു വിലസുന്ന പൂക്കളുടെ സൗരഭ്യത്തിൽ വൃക്ഷം വിസ്മരിക്കപ്പെടുന്നു. ഈയൊരു മനോഭാവത്തിന്റെ കടയ്ക്കൽ ഒരാളുടെ സ്വാർത്ഥതയും സങ്കുചിത താൽപര്യങ്ങളും ഒളിഞ്ഞിരിപ്പുണ്ടാകാം. ലോകസംസ്ക്കാരങ്ങളുടെ നെറുകയിൽ ഇന്ത്യയുടെ സംഭാവനകൾ നിരന്തരം ചർച്ച ചെയ്യപ്പെടുമ്പോൾ, ആഗോള നിലവാരമുള്ള സർവ്വകലാശാലകൾ അവയെ അടുത്തറിയാൻ സംസ്കൃതവും, വേദാന്തവും പഠന വിഷയമാക്കുമ്പോൾ അടിമത്വം പേറുന്ന വികല മനസ്സുമായി ചില മലയാളികൾ പൊട്ടക്കിണറ്റിലെ തവളകളായി തുഞ്ചൻ സംസ്ക്കാരത്തെ ഇകഴ്ത്തുന്ന തരത്തിൽ പടച്ചുവിടുന്ന സാഹിത്യ വൈകൃതങ്ങളാണ് ഇത്രയും സൂചിപ്പിക്കുവാൻ കാരണം.

ഐക്യനാടുകളുടെ ഉദയ ചരിത്രം ഗവേഷണം ചെയ്ത് അതിനെ ഇതിവൃത്തമാക്കി ഇരുന്നൂറിലേറെ കഥകളും അൻപതോളം നോവലുകളുമെഴുതിയ ലൂയി ലെയ്മൂർ എന്ന സാഹിത്യകാരനെ 1983-ൽ അമേരിക്കൻ കോൺഗ്രസ്സിൽ ക്ഷണിച്ചുവരുത്തി ദേശീയ സ്വർണ്ണ മെഡൽ സമ്മാനിക്കുകയും അടുത്ത വർഷം റീഗൺ മെഡൽ ഓഫ് ഫ്രീഡം നല്കി ആദരിക്കുകയുമുണ്ടായി. വിശ്വപ്രസിദ്ധരായ ഫോക്ക് നർക്കോ, ഹെമിങ്വേയ്ക്കോ ലഭിക്കാത്ത ഈ ബഹുമതി ലെയ്മൂറിനു ലഭിക്കുവാൻ കാരണം അദ്ദേഹം അമേരിക്കൻ സംസ്ക്കാരത്തെക്കുറിച്ച് നിരന്തരം എഴുതുന്നുണ്ടായിരുന്നുവെന്നതാണ്. അമേരിക്കയ്ക്ക് ഇരുന്നൂറു വർഷത്തെ ചരിത്രമേയുള്ളുവെങ്കിലും അതിനു രണ്ടായിരം വർഷത്തെ മൂല്യവും പാവനതയും നൽകി സംരക്ഷിക്കുന്നത് അമേരിക്കക്കാരന്റെ ദേശീയ ബോധത്തിന്റെയും അഭിമാനത്തിന്റെയും സാക്ഷ്യപത്രമാണ്. അയ്യായിരത്തിൽപ്പരം വർഷത്തെ ഭാരത്തിന്റെ ചരിത്രത്തെ അമ്പതു വർഷം പോലെ ചെറുതാക്കി കാണുന്നവരെക്കാളും എന്തു കൊണ്ടും അമേരിക്കൻ ജനത അഭിനന്ദനം അർഹിക്കുന്നു. അതാണ് അവരുടെ ആത്മവിശ്വാസം.

സംസ്കൃതത്തിൽ സാഹിത്യമെന്നാൽ ദർശനമെന്നാണ് വിവക്ഷ. Literature എന്ന മൊഴിമാറ്റം പൂർണ്ണമല്ല. സംസ്കൃതത്തിൽ ആദ്യം മുതൽ അന്ത്യം വരെ സാഹിത്യം കാവ്യമാണ്. അങ്ങനെ ലോകത്തിനു ലഭിച്ച ആദികാവ്യമാണ് രാമായണം. വടക്ക് ഹിമാലയ പർവ്വതവും അവിടെ നിന്നൊഴുകുന്ന നദികളുമുള്ളിടത്തോളം വാത്മീകി രാമായണം നിലനിൽക്കുമെന്നാണ് സൃഷ്ടികർത്താവ് അനുഗ്രഹിച്ചത്. ആദികാവ്യത്തെ അധികരിച്ച ഒരു ലക്ഷത്തിൽപ്പരം അനുബന്ധ രചനകൾ വിവിധ ദേശങ്ങളിലായി വിവിധ ഭാഷകളിൽ രൂപം കൊള്ളുകയും വൈജ്ഞാനിക സാഹിത്യവേദികളിൽ നിരന്തരം ചർച്ച ചെയ്ത് നിത്യനൂതനമായി നിലനിർത്തിപ്പോരുകയും ചെയ്യുന്നു. ആകൃതിയിലും ഉള്ളടക്കത്തിലും ലോകസാഹിത്യത്തിലെ ഏറ്റവും വലിയ ഇതിഹാസഗ്രന്ഥമാണ് മഹാഭാരതം. വ്യാസവിരചിതമായ മഹാഭാരതത്തിലെ ഉള്ളടക്കമായ ഭഗവത്ഗീത പ്രശ്നസങ്കീർണ്ണമായ പരിസരങ്ങളിൽ മതവിഭാഗീയതകൾക്കതീതമായി ആർക്കും എവിടെയും ജീവിതവിജയത്തിനുള്ള വഴികാട്ടിയായ സിദ്ധൗഷധവും ആധുനിക സാഹിത്യഭാഷയിൽ മാജിക്കൽ റിയലിസം (ഐന്ദ്രജാലികയാഥാർത്ഥ്യം) എന്ന ജനുസ്സിലുൾപ്പെടുന്നതുമാണ്. അഭിജ്ഞാനശാകുന്തളം തർജ്ജമ ചെയ്ത് വില്യം ജോൺസ് പറഞ്ഞത് ഇന്ത്യയുടെ ഭൂമിയും ആകാശവും കണ്ടയാളാണ് കാളിദാസൻ എന്നാണ്. ദാസനും കബീറും ടാഗോറുമൊക്കെ അതേ പരമ്പരയിലെ മുത്തുകളാണ്.

ഭാരതീയ ദർശനത്തെ അടുത്തറിയാൻ ശ്രമിച്ച പാശ്ചാത്യ ചിന്തകന്മാർ നിരവധിയാണ്. അക്കൂട്ടത്തിൽ പ്രമുഖനായ ജർമ്മൻ ചിന്തകൻ മാക്സ്മുള്ളർ പറഞ്ഞു. പാശ്ചാത്യർ നക്ഷത്രങ്ങളെ നോക്കാൻ ടെലസ്കോപ്പുകൾ കണ്ടുപിടിക്കുന്ന തിരക്കിലായിരുന്നു, മനുഷ്യന്റെ ഉള്ളിലേക്കു നോക്കുവാനുള്ള സൂക്ഷ്മദർശിനികളെക്കുറിച്ച് അവർക്ക് അറിയില്ലായിരുന്നു. ഭാരതത്തിലെ ഋഷിമാർ അതു ചെയ്തു. ഇന്ന് പാശ്ചാത്യലോകം അത് പിന്തുടരാൻ ശ്രമിക്കുന്നു. ശാസ്ത്രം പിച്ചവച്ചു തുടങ്ങുന്നതിനും നാലായിരം വർഷങ്ങൾക്കു മുമ്പു തന്നെ ഭാരതീയർ സംഖ്യാദർശനത്തിലൂടെ കോസ്മിക് എവല്യൂഷനും, ഓർഗാനിക് എവല്യൂഷനും പഠിച്ചിരുന്നു. അതേക്കുറിച്ച് ബർട്രന്റ് റസ്സൽ പറയുന്നത് മനുഷ്യന്റെ ജ്ഞാനത്തിലെന്ന പോ

spillane&reynolds
orthodontics

CREATING AMAZING SMILES

Share your Amazing Smile with the World.

#AmazingSmile @SpillaneReynoldsOrtho

Dr. Lawrence Spillane DDS, MS
Dr. James Reynolds DDS, MS, ABO
Dr. Andrea Dopp DDS, MSD

NOVI:
45500 Ten Mile Rd.
Novi, MI 48374
248.344.8400

ROCHESTER:
1202 Walton Blvd / Suite 200
Rochester Hills, MI 48307
248.651.8860

{Complimentary Consultations}
www.MyAmazingSmile.com



ലെ വിവേകത്തിലും വളരുന്നില്ലായെങ്കിൽ ജ്ഞാനത്തിന്റെ വർധന ദുഃഖത്തിന്റെ വർധനയായിരിക്കും. ശാസ്ത്രം വരുന്നതിനു മുമ്പുള്ള ലോകത്തിന്റെ അരക്ഷിതാവസ്ഥ ശാസ്ത്രം വന്നതിനു ശേഷവുമുണ്ട്, എന്നാലും ശാസ്ത്രത്തിന്റെ സേവനം മനുഷ്യന് അവശ്യം ആവശ്യമാണ്. മുണ്ഡകോപനിഷത്തിൽ ആത്മീയതയാകുന്ന പരാവിദ്യയുടെയും, ശാസ്ത്രം, സാഹിത്യം, കല എന്നിവയടങ്ങുന്ന അപരാവിദ്യയുടെയും സമന്വയമാണ്, ആധുനിക മനുഷ്യന് ആവശ്യമെന്ന് ചൂണ്ടിക്കാണിക്കുന്നു. ഗൃഹസംബന്ധിയായി ശ്രീരാമകൃഷ്ണൻ പറഞ്ഞത് വേദങ്ങളിലും പവിത്രഗ്രന്ഥങ്ങളിലും ഈശ്വരനില്ല അവയിൽ ഈശ്വരനെക്കുറിച്ചുള്ള പരാമർശങ്ങളേയുള്ളൂ. മഴയെപ്പറ്റി മുൻകൂട്ടി പറയുന്ന പഞ്ചാംഗത്തെപ്പോലെയാണ്. പഞ്ചാംഗം പിഴിഞ്ഞാൽ വെള്ളം വരില്ല, അതു പോലെ പവിത്രഗ്രന്ഥങ്ങൾ പിഴിഞ്ഞാൽ ഈശ്വരനെക്കിട്ടില്ല. എന്നാൽ, സ്വന്തം അനുഭവങ്ങളെ പിഴിഞ്ഞാൽ ഈശ്വരസാക്ഷാത്കാരമുണ്ടാകും.

വൈദ്യശാസ്ത്രരംഗത്തും, ഗണിതശാസ്ത്രരംഗത്തും ജ്യോതിർവിദ്യയിലും പ്രതിഭകളായ ചരകൻ, ശുശ്രൂതൻ, വാഗ്ഭടൻ, ആര്യഭടൻ, വരാഹമിഹിരൻ തുടങ്ങിയവരുടെ പിൻതുടർച്ച സുദീർഘമായ വൈദേശിക ആധിപത്യം താത്കാലികമായി മന്ദീഭവിപ്പിച്ചുവെങ്കിലും തുടർച്ച അസാധ്യമല്ലായെന്ന് കാലം തെളിയിച്ചു കൊണ്ടിരിക്കുന്നു.

വിസ്താരഭയത്താൽ വിവരണം ചുരുക്കുന്നു, ഒരു ചരിത്രസത്യത്തിന്റെ പിൻബലത്തോടെ. ലോകത്തിൽ രണ്ടുതരം ശക്തികളുണ്ട്, ആയുധത്തിന്റെയും അധികാരത്തിന്റെയും ശക്തിയാണ് ഒന്ന്. രണ്ടാമത്തേത് ആത്മീയതയുടെ ശക്തി. ആത്മീയതയുടെ മുമ്പിൽ ആയുധശക്തി മറഞ്ഞുപോകും. ആയുധബലത്തിൽ അലക്സാണ്ടറും, സീസറും സ്ഥാപിച്ച സാമ്രാജ്യങ്ങൾ ഇന്നില്ല. എന്നാൽ ആത്മീയതയുടെ ബലത്തിൽ സ്ഥാപിച്ച യേശുക്രിസ്തുവിന്റെ സാമ്രാജ്യം ഇന്നും കോടിക്കണക്കിനു ജനങ്ങളിൽ ജീവിക്കുന്നു. ഈ ആത്മീയതയാണ് ഭാരതത്തിന്റെ കരുത്ത്.

hildren's Academy

www.mca-ocamontessori.com

At Children's Academy we offer your child the best Montessori "prepared environment" that fosters a love of learning.

- Commitment to Each Child
- Comprehensive Curriculum Committed to Excellence
  - Children "learn by doing"
- Offering Pre Primary through Elementary
  - Practical Life
  - Sensorial
  - Language
  - Math
  - Cultural Studies
  - Geography
  - Science
  - Music
  - Spanish
  - Art
- Trained Experienced Staff
  - Montessori Certified

Contacts:

Macomb Children's Academy
2171 Fifteen Mile Road
Sterling Heights, MI 48310
O:(586) 979-5501
F:(586) 979-5502
email:Office@mcamontessori.com

Oakland Children's Academy
3668 Livernois (South Building)
Troy, MI 48083
O:(248) 729-7505
email: office@ocamontessori.com

Inspired by Maria Montessori's vision of changing the world through the child.

Join our Dental Family of Friends!

We would love the opportunity to show you what truly exceptional dental care is all about. Our goal is to provide our patients with care that lasts a lifetime, and we are always very happy to have new patients become part of our family. We look forward to meeting you and caring for your dental health. We strive to make children of all ages feel at ease and enjoy themselves, so bring the whole family along!

Nevin Tchaoucheva, DMD
General Dentistry For Adults & Children
dentistry you can trust, from a dentist who cares.

FREE Initial Exam & Consultation
Includes Necessary X-Rays

Give us a call today!
248-449-4300
or visit our website:
www.DrNevinDMD.com
41714 Ten Mile Road, Novi, MI 48375

Dr. Nevin is a proud member of the American Dental Association, the Michigan Dental Association and the Detroit District Dental Society.

Jayesh Patel

PATEL®
BROTHERS

"Celebrating Our Food... Our Culture"

28684 Ford Road, Garden City, MI 48135
T: 734.427.4445 F: 734.427.4895
email:gardencity@patelbros.com
www.patelbros.com

അമ്മ...

അമ്മ....
അമ്മയെന്താണെനിക്ക്?
നിദ്ര വെടിഞ്ഞ മിഴിയിണകളോ?
കാതങ്ങൾ ദൂരത്താണെങ്കിലും
എന്റെ പതിഞ്ഞ തേങ്ങൽ കേൾക്കും
കാതുകളോ?
നെഞ്ചിൽ ഭാരം കനക്കുമ്പോൾ
ഒന്നിറക്കി വയ്ക്കും
സാന്ത്വനത്തിന്റെ ചുമലോ?
വല്ലാതെ മുനിഞ്ഞു
കത്തുമെന്റെ പാഴ്സ്വപ്നങ്ങൾക്ക്
നെയ്തിരി നീട്ടുമൊരു പ്രാർത്ഥനയോ?

അമ്മ....
അമ്മയെന്താണെനിക്ക്?
ജീവന്റെയമൃതും നന്മയുടെ മധുരവു
മൊന്നിച്ചു ചുരത്തിയ മാറിലെ
വാത്സല്യച്ചൂടോ?
എന്റെ ബാല്യ, മെന്നോർമകൾ
ചിരിമണിക്കിലുക്കങ്ങൾ
നിനവുകൾ, നിരാശകൾ
ഒക്കെയുമുള്ളിലൊതുക്കി
കാത്തുവയ്ക്കുന്ന മണിച്ചെപ്പോ?

എന്റെ രണങ്ങളെല്ലാം
തന്റേതാക്കി
ഉള്ളിന്റെയടർക്കളത്തിൽ
തളരാതെ പൊരുതുന്ന
ഒറ്റയാൾ പട്ടാളമോ?
നോവുമേകാന്തതയും
ഒന്നുമേ സാരമില്ലെന്ന,
നുണയിൽ തെളിയുന്ന
സ്നേഹമെന്ന ശാശ്വതസത്യമോ?

വേനൽ കത്തുന്ന ഈ വഴിയി
ലേകമാം തണ്ണീർപന്തലോ?...

സിന്ധു സൂസൻ വർഗീസ്

തോമസ് കുഴിക്കാല

കൊഴിഞ്ഞ പത്രിക

ഒരു ശിഖരത്തിൽ മുളയായ് മുകുളിച്ചു
തളിരിലയായ് മനോഹാരിതയായ് നീ
തരുവിൽ താലോലമാട്ടി തെന്നൽ
കാലം നിന്നിൽ ഹരിതാഭയും കരുത്തുമേകി
മഞ്ഞും മഴയും വെയിലും സഹിച്ചു നീ
പഞ്ഞമില്ലാതെ സംരക്ഷിച്ചുമാമരം
ശാഖകൾ തോറും വിളമ്പികൊടുക്കുവാ
നാവോളമൊന്നൊരുക്കി നീയൊക്കെയും
കാലമാം കൈകൾ കൊണ്ടാനെറുകയിൽ
താളപ്പിഴകൾ പലതും നടത്തവെ
നിന്റെ ഹരിതാഭയും നീരുമറ്റുപോയ്
നിന്നെയിനിയവയ്ക്കാവശ്യമില്ലയോ
തള്ളിക്കളഞ്ഞതോ ഞെട്ടറ്റു വീണതോ?
അംബരപ്പൊയ്കയിൽ മുങ്ങിക്കുളിച്ചു കൊ-
ഞ്ചാതെ കാൽത്തള കെട്ടിമുദാർദ്രമായ്
താളം പിടിച്ചു തലകുണുക്കിക്കൊണ്ടു
താഴേയ്ക്കു നർത്തനം കാഴ്ചവെച്ചു സദാ
ആമോദമെത്ര പതത്രികൾക്കാലംബ-
മിപ്പാദപത്തിൽ കരുത്തുറ്റ ശാഖകൾ
തള്ളിക്കളഞ്ഞതോ, ഞെട്ടറ്റു വീണതോ?
നീരറ്റു വിളറിയ നിൻ ഹരിതാഭപോയ്
പീതളമായ് മണ്ണിലമർന്നിന്നൊരു
ശുഷ്ക പത്രമായ് ഹാ കഷ്ടം!
ജീവന്റെ ചൈതന്യം അറ്റു പോം
ജീർണ്ണിച്ചു മണ്ണോടു ചേർന്നിടു-
മൊരു നാൾ, സർവ്വതുമെന്നോർത്തിടാം

PINNACLE HOMES

PROUDLY SUPPORTS DMA

Canton • Novi • Northville • Washington Township • Commerce • Ann Arbor Township
West Bloomfield • Independence Township • Superior Township • South Lyon

PURE MICHIGAN

www.pinnaclehomes.com

മിനി റോസ് തോമസ്

ഒരു കന്നി കാനഡ യാത്ര...

പാതിരാത്രിയിലെ പാതി മയക്കത്തിലായിരുന്നെങ്കിലും എയർകാനഡ വിമാനം പറക്കാനുള്ള ഊഴവും കാത്ത് സാൻ ഫ്രാൻസിസ്കോ എയർപോർട്ടിൽ മണിക്കൂറുകളോളം എൻ ജിനും ഇരപ്പിച്ചു നിന്നത് ഇത്തിരി കടന്ന കൈയായിപ്പോ യെന്ന് തോന്നാതിരുന്നില്ല.

പത്തു പതിനൊന്നു വർഷങ്ങൾക്ക് മുൻപ് അമേരിക്ക യുടെ വരമ്പിൽ നിന്ന് നയാഗ്ര വെള്ളച്ചാട്ടം കണ്ടിരുന്നു. പ ക്ഷേ അന്ന് എല്ലാം ഒരു പുക പോലെയേ തോന്നിയുള്ളൂ. ശക്തിയായി താഴേയ്ക്കു പതിയ്ക്കുന്ന വെള്ളത്തുള്ളികൾ അതേ ആവേശത്തോടെ മുകളിലേയ്ക്കു പറക്കുന്ന കാഴ് ച. കാനഡയിൽ നിന്നും നോക്കിയപ്പോഴല്ലെ നയാഗ്ര വെ ള്ളച്ചാട്ടത്തിന്റെ മനം മയ്ക്കുന്ന മാസ്മരികതയും അതിശ യിപ്പിക്കുന്ന ആർഭാടവും കണ്ടത്. പണ്ടു പണ്ട് ഏഴാം കട ലിനക്കരെ എന്ന സിനിമയിൽ കെ. ആർ. വിജയയും കൂട്ടു കാരനും കൂടി ലലല ലലല പാടി നടന്ന അതേ സ്ഥലത്തു കൂടെ കണവന്റെ കൈയ്യും പിടിച്ചു നടന്നപ്പോൾ ആ കാല ത്തിലേയ്ക്ക് ടപ്പേന്ന് മൂക്കും കുത്തി വീണു.

കടുംപച്ച നിറത്തിൽ ഇടയ്കിടെ വെളുവെളുത്ത മഞ്ഞു കുമിളകളുമായി തന്നന്നം പാടിവരുന്ന വെള്ളപാച്ചിൽ പൊ ടുന്നനെ വെള്ള വരകളുള്ള ഇളംപച്ച പട്ടണിഞ്ഞ് സുരസുന്ദ രിയായ ജലധാരയായി മാറുന്ന കാഴ്ച എത്ര കണ്ടാലും മതി വരില്ല...

കാനായിലെ കല്യാണം പോലെ കാനഡായിലും ഒരു ക ല്യാണം. മൂന്നു നിലകളുള്ള ഒരു വാടക വീട്ടിൽ പല രാജ്യ ങ്ങളിൽ നിന്നും വന്ന സ്വന്തക്കാർ രണ്ടു ദിവസം ഒരുമിച്ചു താമസിച്ചതായിരുന്നു ഹൈലൈറ്റ്. ആഘോഷങ്ങളുടെ അ തിപ്രസരമുണ്ടായിരുന്നില്ലെങ്കിലും ഓർമ്മചെപ്പിൽ ഭദ്രമായി സൂക്ഷിക്കാൻ മനോഹരമായ കുറച്ചു നിമിഷങ്ങൾ സമ്മാനി ച്ച ഒരു വിവാഹം.

നൂറുനിലകളുടെ പൊക്കമുള്ള സി.എൻ. ടവറിന്റെ മുകളി ലെ ഗ്ലാസ് ഇട്ട തറയിലൂടെ താഴേയ്ക്കു നോക്കി നടന്നാൽ ത ലയുള്ള ആർക്കും ഒന്നു തലകറങ്ങും എന്നു തോന്നുന്നു.

പിന്നെ ഒരു കുളിർമ്മയൊക്കെ തോന്നിയത് താഴത്തെ അ കേറിയത്തിൽ കയറിയപ്പോഴാണ്. പൾസർ സുനി പറഞ്ഞ പരൽമീനുകളേയും വമ്പൻ സ്രാവുകളേയുമൊക്കെ കൺനി റയെ കണ്ട് മനസ്സൊന്നു തണുപ്പിച്ചു.

തിരിച്ചുള്ള യാത്രയ്ക്ക് പതിവുപോലെ രണ്ടു മണിക്കൂർ നേരത്തെ തന്നെ വിമാനത്താവളത്തിൽ എത്തി. ഞങ്ങൾക്കു യാത്ര ചെയ്യേണ്ട വിമാനത്തിന് മുൻപുള്ള വിമാനം പുറപ്പെ ടാൻ റെഡിയായി നില്ക്കുന്നതേയുള്ളൂ. ഭാഗ്യത്തിന് രണ്ടു സീറ്റ് കാലിയായതിനാൽ ഞങ്ങളേയും ഓടിച്ചു അതിൽ കയറ്റി വിട്ടു. ഞങ്ങൾ രണ്ടാളും വിമാനത്തിന്റെ രണ്ടു കോ ണുകളിലായിരുന്നുവെന്നു മാത്രം. ഇടയ്ക്കെപ്പോഴോ എ യർഹോസ്റ്റിനെ അയച്ച് ഞാൻ ഫുഡ് ഓർഡർ ചെയ്തോ എന്ന് തമ്പി അന്വേഷിപ്പിച്ചപ്പോൾ മുൻപിൽ ഇരിക്കുന്ന സാൻവിച്ച് കണ്ടിട്ടാവണം എന്റെ അടുത്തിരുന്ന മാന്യൻ അറിയാതെ പെട്ടെന്നൊന്നു പൊട്ടിചിരിച്ചു പോയി.

അല്പസമയം കഴിഞ്ഞപ്പോൾ എയർഹോസ്റ്റസ് ശീതളപാ നീയം ഗ്ലാസിലേയ്ക്ക് പകരുന്നതിനിടയിൽ കുറച്ചു തുള്ളികൾ അയാളുടെ ദേഹത്തും വീഴിച്ചു. അതു കണ്ട് ഒന്ന് ആക്കി ചി രിച്ച് ഒരു ചിന്നപ്രതികാരം ഞാനും ചെയ്തു. നല്ല ആശ്വാസ വും തോന്നി. മനസ്സിപ്പോഴും ഒന്നാം ക്ലാസിലെ ആ പഴയ ബ ഞ്ചിലിരുന്ന് കൊഞ്ഞനം കുത്തുന്നതായി തോന്നാതെയുമി രുന്നില്ല...

Michigan Malayalee - 2013

Weekend Buffet &
Banquet hall Available


Since
15 Years
National Groceries
Indian Cuisine
Catering & Carry out of your needs
33148 Ryan Road,
Sterling Heights, MI, 48120
Phone: 586-268-8225

noviwoods.com ♦ 248-624-2211

Novi Woods Montessori

Come see what a Montessori education can provide for your child!

- We are a diverse school with many Malayalee familes!
- We're located in Novi, close to Walled Lake and Commerce
- Our students go on to have very successful academic careers!

Rajesh Kutty

CHARITY & COMMUNITY WORK

Second Quarter 2017

Detroit Malayalee Association as always continues its tradition of helping the needy and underprivileged by helping those who need real help. As part of the work this quarter, DMA donated Sixty Thousand Rupees to Divyahrudayashram, and orphanage, in Thrissur, Kerala.

Inaugurated in 1994 by Mother Teresa, the Divyahrudayashram was established as a rehabilitation center and as a permanent residence for those with nowhere else to go. There are no criteria that disqualify an individual from finding refuge with us. Men, women, and children from infants to those approaching ninety years of age make up this unique community of 385 people. Muslims, Hindus, and Christians all live together. Nearly a third of the residents here are inflicted with one mental disability or another. They receive medical treatment and the home provides them the ability to interact with the community.

We would like to specially thank our Mrs. Tessy Sajan and George Elengikal who spent time during his vacation in Kerala to coordinate this.

Also during this Onam season, DMA is proud to have taken the Onam Kit distribution to the needy in Kerala to its highest level by helping 80 needy families celebrate Onam with the rest of us.

This tradition of Onam Kit distribution started several ago and DMA is proud that we are able to conduct this so that even those who are not able

Varghese
PHOTOGRAPHY
(248) 509-4363
varghesephotography@gmail.com
www.varghesephotography.com
SENIOR | FAMILY | ARANGETRAM | DANCE

PRIME CARE
URGENT CARE
We support and enjoy taking care of Malayalee community.
Our services include:
Primary Care
Urgent Care
I-693 Immigration exams
Travel medicine and preparation
Sports Physicals
www.primecareofmi.com
248 426 7200
www.pcnoviurgentcare.com
248 426 9680

to celebrate Onam can do so with our help.

We would like to specially thank our EC member Saijan Joseph who spent time during his vacation in Kerala to coordinate this.

DMA provided $750 towards the pediatric Physical Therapy Unit at Nirmala Medical Center, Muvattupuzha, Kerala. A check of $750 was handed over to Sr. Gracebet on 8/1/17. Nirmala Medical Center provides Physical Therapy services to the under privileged children in the area with delayed mile stones and developmental delay.

Adopt-a-Road

DMA also spent several hours cleaning up 4 miles in 2 different parts of metro Detroit, right where we call it our home. 2 Teams, one from East Side and one from West Side set out to clean the streets and make the place we live even more beautiful by contributing their valuable time. The East Side team did their community work doing this on 22nd July 2017 in Sterling Heights. The West Side team did their community work on 16th July 2017 in Novi. DMA is very proud of its members having dedicated their most valuable time in service of the society we live in. DMA would like to thank Binu Mathew and Boby Thomas for leading the efforts of both the teams in this wonderful community work.



AAHAR

BREAKFAST on SAT and SUN

Dine In or Take out

Hours: 7:30 AM to 10:00 AM

Breakfast Buffet $8.49

Carry out by Orders

248-473-4500

35564 GRAND RIVER (AT DRAKE), FARMINGTON HILLS

URON Tax & Financial Services, LLC

"Your One-Stop Station For Tax Preparation, Representation, & Investments"



3098 Bennington Dr
Wixom, MI 48393
Cell: 248-921-9941
Phone: 248-624-2511
Fax: 248-679-1553
Email: gtvann@aol.com

George T. Vannilam MS, EA, MBA
President

Fellow, National Tax Practice Institute (NTPI)
Enrolled Agent Authorized to Represent You Before IRS

www.NAEA.org www.MiSEA.org www.UronTax.com

Highglow

LOS ANGELES
18644-A Pioneer Boulevard, Artesia, CA 90701
Tel: (562) 402-0112

ATLANTA
1709 Church Street, Unit C, Decatur, GA 30033
Tel: (404) 296-2714

DETROIT
28231 Ford Road, Garden City, MI 48135
Tel: (734) 422-6810

MOST INDIAN ITEMS

PAKISTANI, INDIAN, ARABIC GROCERIES

ABDU HALAL MEATS & GROCERY MARKET

ABDU MARKET

GROCERIES

FRESH MEAT

VEGETABLES

42468 CHERRY HILL RD, CANTON, MI 48187
OPEN DAILY: 10:00 AM TO 9:00 PM

734-335-7519
734-335-7308

We Are Relocating To A Better And Bigger Place To Serve You Better.

Find Every Thing Under One Roof

VANI FOODS

* Frozen foods
* Frozen and fresh fish
* Dry fish
* Dry foods
* Organic dal
* Flours
* Masala and rice

We carry
All Puja product
And Idols

New Location

38350 W 10 Mile Rd
Farmington, MI 48335

MedStart students face losses amid Med Direct

Prisca Abraham

As an indirect consequence of the diversity citations given to Wayne State's School of Medicine by the Liaison Committee on Medical Education in 2015, MedStart, a B.S./M.D. program offered to 15 prospective high school candidates annually, has been terminated.

MedStart simply promised incoming freshmen a reserved seat at the SOM. Its replacement, MedDirect, now gives ten high school seniors a full-ride for both their bachelor's and medical school degrees.

MedDirect specifically focuses on the recruitment of underprivileged kids.

It is designed to meet the new requirements of the LCME, by welcoming a level of diversity that has not been seen in the past with the MedStart program.

Ambika Mathur, Dean of Wayne State's Graduate School, will be spearheading the initiative.

Although the MedDirect program has bright prospects, existing MedStart students are concerned about how the new program will affect their experiences.

This semester, the MedStart program has canceled the monthly seminars which were held pre-LCME citations and the development of MedDirect.

Bhavna Guduguntla, a freshman in the last class of the MedStart program, worries that MedDirect will directly take away from MedStart.

"MedDirect may pull attention away from us," Guduguntla said. "As the last class of MedStart, I am worried that we will just be forgotten."

The seminars are usually organized by the honors college at the SOM for students to hear from physicians about their experiences in the field. When the seminars were canceled, students were each assigned to write a research report instead.

Although Guduguntla thinks MedDirect is a great program, she believes that MedStart could have stood side by side with the new program as the SOM scaled down the number of reserved medical school seats in each program accordingly.

While this could have been possible theoretically, keeping both programs could have posed potential issues for the two groups of students.

The only criteria that separates the two programs are the students' socioeconomic background profiles.

Guduguntla believes, MedStart served as an attractive agent for high-achieving students to join the program and attend the university.

"Knowing that there are other high-achieving kids [MedStart students] that go to school with you, even with the University of Michigan and Michigan State close by, incentivizes high-quality students to chose Wayne State over these highly-ranked schools," Guduguntla said.

Connor Tukel, another student in the MedStart program, has expressed his concerns about the new changes as well.

"I think it's great that we have time for independent study, but I am saddened that we don't have our monthly seminars this semester," Tukel said.

Tukel views MedDirect as the same as MedStart but rebranded and revamped.

"They are the next generation of MedStart, MedStart 2.0," Tukel said. "I like how the new application process will consider applicants holistically."

Regarding MedStart as an effective recruiting tool, he believes that MedDirect will do the job, if not better. He said MedDirect students can come to WSU with the MedStart students to look up to a class of leaders whose footsteps they can follow.

Guduguntla and Tukel have both expressed that MedDirect and MedStart should not have been created as separate programs.

They believe that the students from both programs should not be held as two distinct entities, but should be allowed to mix and mingle together, collaborating on projects and working together in seminars.

However, Guduguntla and Tukel are excited to continue their journeys in MedStart and believe that the opportunities presented at Wayne State University, especially for pre-med students, are unparalleled anywhere else.

PROFESSIONAL | REASONABLE | RELIABLE | LICENSED & INSURED | MEMBER OF BBB

ALL-PRO

John Harrison

(810) 936-8800

* Same Phone Number for 40 years *

48550 North Ave, Macomb, MI 48042 | Office Phone: (586) 776-5167

GUTTERS | ROOFING | TRIM | SIDING | RUBBER ROOF | TUCK POINT | NEW & REPAIR

"I Thank You Very Much For Your Referral"

BENNY P JOSEPH
BJ REALTY
OWNER / PRINCIPAL BROKER
MLS # 372511
RESIDENTIAL & COMMERCIAL REALTOR

23444 WAGNER AVE WARREN MI 48089
PH :707 290 4570 brokerbenny@gmail.com

AN EXPERIENCED REAL ESTATE CONSULTANT SPECIALIZED IN NEGOTIATIONS
BRAND NEW HOMES, LAND CONTRACTS, REO, SHORT SALES, HUD HOMES & PROBATE SALE

"A PROFESSIONAL CLIENT ORIENTED COMMUNITY REAL ESTATE COMPANY IN TRUST"

A/C Bedroom, 4.5 Bathroom,
Colonial Luxury home for short rental.
Suitable for any occasion.
Near MC Road, Vikom Road Jn,
Ettumanoor P.O. Kottayam, Kerala, India

For more details and reservation please visit our website at:
www.renthomekottayam.com

THE FOOD FIGHT

Siddharth Prasant

"No! Not the chicken! Not again!" she screamed.

"This has gone too far now! I have no choice but to burn this piece of poultry to ashes!" he yelled back, dangling the last chicken wing over the flamethrower.

"You don't have to do this! Please, this is between us. Leave the chicken out of this," she begged.

"You love this chicken more than you love me, don't you? Well, now I'm going to destroy all my competition," he said, turning on the flamethrower.

"Please, that's not true. Put the chicken down, and we can talk about this."

"Oh, yeah? Just like we 'talked' about the chocolate milk, and that last slice of pizza. Not to mention the beer, the fries, the alfredo, the marshmallow, that red velvet cake, and the Coke. Seriously though, the Coke? I mean, Pepsi, I understand, but Coke? That too diet Coke? You've always loved food over me! I've tolerated you for long enough. I'm done with you now! Leave me!" he yelled.

"Please, don't kick me out! I love you! I've always loved you! I've loved you more than I've loved my food! Please, you have to believe me."

"Stop lying to me! I've always tried so hard to earn your love. I've done everything out of the love for you. I loved you more than I loved myself and life itself. Ever since I met you, I instantly fell in love. I've done everything in my power to get you to love me. But now I have realized that I can't. Someone up there doesn't want us to be together. I guess it's just not meant to be. We're not meant to be," he sighed after fully unleashing his rage.

"Please! I love you! Don't make me leave you! I can't live without you! Who else will buy me food everyday? I won't be able to survive without you! Don't kick me out, please," she said, sobbing in between words.

"Huh, you need me just for food. Isn't that right? I'm only here to feed you. If our relationship has no value to you, and you proved that it doesn't, then I don't know why I still bother to stay with you and try to win your love. Leave me now, for good this time."

"No! Let me stay with you! I promise, I'll spend more time with you. I'll start to love you more than food, more than myself, more than Netflix, more than the whole world! Just please, let me stay. I need you and your money!"

